മി. സ്പീക്കർ: ഓർഡർ........ ഓർഡർ...... ചോദ്യം *331

**ആദായനികുതി അപ് ലോഡ് ചെയ്യാൻ സർക്കാർ സംവിധാനം**

(*331) ശ്രീ. സി. കെ. നാണു:
ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. കെ. ബി. ഗണേഷ്കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദായനികുതി ഓരോ ക്വാർട്ടറിലും അപ് ലോഡ് ചെയ്യുന്നതിന് സ്വകാര്യ സ്ഥാപനങ്ങൾ ഭീമമായ തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ബി) സർക്കാരിന്റെ ഐ.ടി. സെൽ മുൻകൈ എടുത്ത് ജീവനക്കാർ അനുഭവിക്കുന്ന പ്രസ്തുത പ്രശ്നത്തിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോയെന്ന് വിശദീകരിക്കാമോ;

(സി) ജീവനക്കാർക്ക് ടി.ഡി.എസ്. അപ് ലോഡ് ചെയ്യുന്നതിന് ശമ്പളം കൊടുക്കുന്ന ട്രഷറി വകുപ്പിനെ തന്നെ ഏല്പിക്കുന്ന കാര്യം പരിഗണിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി

(പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ഇല്ല.

(ബി & സി) ഇന്ത്യൻ ഭരണഘടന പ്രകാരം ആദായ നികുതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ തീരുമാനിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിനാകയാൽ ആദായ നികുതി ഓരോ ക്വാർട്ടറിലും അപ് ലോഡ് ചെയ്യുന്നതിന് ആദായ നികുതി വകുപ്പ് മുഖേന നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതിനാൽ അതിൻ പ്രകാരം വകുപ്പിന്റെ വെബ്സൈറ്റിൽ (www.tin.nsdl.com) സൂചിപ്പിച്ചിട്ടുള്ള സൗജന്യ സോഫ്റ്റ് വെയറുകൾ, ഫയൽ വാലിഡേഷൻ യൂട്ടിലിറ്റികൾ തുടങ്ങിയവ ഉപയോഗിച്ച് ടി.ഡി.എസ്. തയ്യാറാക്കി സി.ഡി.-യിലോ പെൻഡ്രൈവിലോ പകർത്തി വകുപ്പിന്റെ വെബ്സൈറ്റിൽ കാലാകാലങ്ങളിൽ സൂചിപ്പിക്കുന്ന അംഗീകൃത ടിൻ ഫെസിലിറ്റേഷൻ സെന്ററുകൾ മുഖേന നിശ്ചിത ഫീസ് നൽകി അപ് ലോഡ് ചെയ്യാവുന്നതാണ്. മേൽ വെബ് സൈറ്റിൽ ലഭ്യമായ കണക്ക് പ്രകാരം 100 റിക്കോഡുകൾക്ക് 38 രൂപയും 1000 റിക്കോഡുകൾക്ക് 178 രൂപയും 1000-ൽ കൂടുതലുള്ളതിന് 578.50 രൂപയുമാണ് അപ് ലോഡ് ചെയ്യുന്നതിന് ഫെസിലിറ്റേഷൻ സെന്ററുകൾക്ക് നൽകാവുന്നതായി ആദായ വകുപ്പ്

അധികൃതർ നിശ്ചയിച്ചിട്ടുള്ള അംഗീകൃത ഫീസ്. അപ്രകാരം അതാത് ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരുടെ ഓഫീസുകളിൽ തന്നെ ടി.ഡി.എസ് തയ്യാറാക്കി ടിൻ ഫെസിലിറ്റേഷൻ സെന്റർ മുഖേന അപ് ലോഡിംഗ് ചെയ്തുവരുന്നുണ്ട്. ടി.ഡി.എസ്. തയ്യാറാക്കുന്ന ജോലി കൂടി ഉയർന്ന തുകയ്ക്ക് സ്വകാര്യ ഫെസിലിറ്റേഷൻ സെന്ററുകളെ ഏൽപ്പിക്കുന്നതോ പ്രസ്തുത ജോലികൾ ഐ.ടി. സെല്ലിനെ ഏൽപ്പിക്കുന്നതോ ടി.ഡി.എസ്. അപ് ലോഡിംഗ് ട്രഷറി വകുപ്പിനെ ഏൽപ്പിക്കുന്നതോ കരണീയമല്ല. മാത്രമല്ല ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കുന്നതിന്റെ ഭാഗമായി (07.09.2015-ലെ സ.ഉ.(പി).നം.391/2015/ധന) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗസറ്റഡ് ഉദ്യോഗസ്ഥരുടെ ടി.ഡി.എസ്. അപ് ലോഡിംഗ് ഉൾപ്പെടെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ജോലികൾ ട്രഷറിയിൽ നിന്ന് അതാത് ഓഫീസ് ഡി.ഡി.ഒ.-മാർക്കായി പുനർവിഭജിച്ച് നൽകിയിട്ടുള്ളതുമാണ്. ജീവനക്കാർ ടി.ഡി.എസ്. അപ് ലോഡ് ചെയ്യേണ്ടതില്ല. കൂടാതെ ടി.ഡി.എസ്. ഫയൽ ചെയ്യുന്നതിന് പരിശീലനം ആവശ്യപ്പെടുന്ന ഡി.ഡി.ഒ.മാർക്ക് ധനകാര്യവകുപ്പിന്റെ കീഴിലുള്ള ധനകാര്യ മാനേജ്മെന്റ് പരിശീലന കേന്ദ്രത്തിൽ കഴിഞ്ഞ മൂന്ന് വർഷമായി പരിശീലനം

നൽകിവരുന്നുണ്ട്.

<u>ശ്രീ. സി. കെ. നാണു</u>: സർ, അടുത്തകാലത്ത് വിവിധ വകുപ്പുകളുടേത് അവർ തന്നെ പുറത്ത് കാശ് കൊടുത്ത് ഏർപ്പാട് ചെയ്ത് കൊടുക്കേണ്ടി വന്നിട്ടുള്ളതാണ്. പഴയകാലത്ത് എല്ലാം ഒരുമിച്ച് നല്കുന്ന രീതിയായിരുന്നു. വിവിധ വകുപ്പുകളിൽ, വിദ്യാഭ്യാസ വകുപ്പാണെങ്കിലും ആരോഗ്യവകുപ്പാണെങ്കിലും അതിനെല്ലാം പ്രത്യേകം ആളുകളെ അറേഞ്ച് ചെയ്ത് പണം ചെലവഴിച്ച് നൽകേണ്ട ഒരു അവസ്ഥ വന്നിട്ടുണ്ട്. ഈ അവസ്ഥയ്ക്ക് സംസ്ഥാന ഗവൺമെന്റ് എന്നുള്ള നിലയ്ക്ക് ഇതിനൊരു പരിഹാരം കാണാൻ സാധിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, Central Domain-ൽ വരുന്നതാണ് ഇൻകംടാക്സ്. അതുകൊണ്ടുതന്നെ ഇൻകംടാക്സ് പിരിക്കുന്നതിനുള്ള നടപടികളും അതിനുള്ള ഏജൻസികളെയും നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്. സംസ്ഥാന സർക്കാരിന് അതൊന്നും ചെയ്യാൻ കഴിയില്ല. ഇവിടെ നേരത്തെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഇൻകംടാക്സ് മാസാമാസം ട്രഷറിയിലോ ബാങ്കുകളിലോ അടയ്ക്കാം. എന്നാൽ മൂന്നുമാസം കൂടുമ്പോൾ അത് എത്ര അടച്ചുവെന്നുള്ള തുക അപ് ലോഡ് ചെയ്യേണ്ടതായിട്ടുണ്ട്. അപ് ലോഡ്

ചെയ്യുവാൻ അതിനുള്ള സോഫ്റ്റ്‌വെയറും സംവിധാനങ്ങളും വേണം. അതിപ്പോൾ ട്രഷറിയിലില്ല. അതുകൊണ്ട് ട്രഷറി ഒരു അക്രഡിറ്റ് ഏജൻസിയുമല്ല. അതുകൊണ്ട് കേന്ദ്രസർക്കാർ ആദായനികുതിവകുപ്പ് നിശ്ചയിച്ചിട്ടുള്ള 'ടിൻ ഫെസിലിറ്റേഷൻ സെന്ററുകൾ' വഴിയാണ് ഈ മൂന്നുമാസത്തെ തുക അപ് ലോഡ് ചെയ്യുന്നത്. അപ് ലോഡ് ചെയ്യാനുള്ള സംവിധാനം മാത്രമേ ഇപ്പോൾ കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ളൂ. ചില ബാങ്കുകൾ ഈ സംവിധാനം സ്വയം നടത്തിവരുന്നുണ്ട്. അത്തരം ഒരു സംവിധാനം ട്രഷറിയിൽ ഇപ്പോഴില്ല. ആദായനികുതി വകുപ്പിന്റെ അക്രഡിറ്റ് ഏജൻസിയുമല്ല ട്രഷറി.

<u>ശ്രീ. സി. കെ. നാണു</u>: സർ, ഇതിന്റെ ഫലമായി ഉദ്യോഗസ്ഥർക്ക് കാശ് കൂടുതൽ കൊടുക്കേണ്ടി വരില്ലേ? സ്വകാര്യ ഏജൻസികളെ അത് പരിശോധിച്ച് കണക്ക് പ്രിപ്പയർ ചെയ്യാൻ ഏർപ്പെടുത്തുമ്പോൾ കഴിഞ്ഞകാലങ്ങളിൽനിന്നും വ്യത്യസ്തമായി ഇതിന്റെ ഫലമായി അവർക്ക് നഷ്ടമുണ്ടാകുന്നു. ഓരോ മേഖലയിലും കഴിഞ്ഞകാലത്ത് ഉണ്ടായതൊക്കെ മാറ്റി ഒരു കുത്തകമേഖലയിലേക്ക് പോകുന്ന സാഹചര്യമാണുള്ളത്. സ്വാഭാവികമായി ഇത്തരമൊരു സാഹചര്യം വരുമ്പോൾ അത് സമർപ്പിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക്

ഒരു സംശയമുണ്ടാകും. അത് പരിഹരിക്കാനുള്ള ബാധ്യത സർക്കാരിനില്ലേ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, തീർച്ചയായും. അത്തരത്തിലുള്ള പ്രശ്നങ്ങളുണ്ടെങ്കിൽ അത് പരിശോധിക്കപ്പെടേണ്ടതാണ്. അങ്ങനെയൊരു പരാതിയുണ്ടെന്ന് ഇതുവരെ ലഭിച്ചിട്ടില്ല. അതുമാത്രമല്ല, ഇവിടെ കൃത്യമായ കണക്കനുസരിച്ച് 100 റിക്കോർഡുകൾക്ക് ഏറ്റവും ചെറിയ തുകയായ 38/- രൂപയാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. കൂടുതൽ തുക ഈടാക്കുന്നുണ്ട് എന്നുള്ള ഒരു പരാതിയും ലഭിച്ചിട്ടില്ല. അങ്ങനെ ലഭിക്കുകയാണെങ്കിൽ അത്തരം കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> സർ, ട്രഷറിയിൽ ഒരാൾ ചെയ്തിരുന്നത് ഇപ്പോൾ അൻപതോ അറുപതോ ഓഫീസുകളിലേയ്ക്ക് കേന്ദ്രീകരിച്ചു. ചില സ്ഥലത്ത് ഒരു മാസം 150/- രൂപ മുതൽ 3000/- രൂപ വരെ അവർക്ക് ചെലവാകുന്നു. ഒരു ഓഫീസിൽ ഒരു വർഷം പതിനയ്യായിരമോ പതിനാറായിരമോ രൂപ വരെ ചെലവാകുന്ന അവസ്ഥയുമുണ്ട്. ഇതെങ്ങനെയാണ് പരിഹരിക്കാൻ ഉദ്ദേശിക്കുന്നത്? ഇത് ജീവനക്കാരുടെയിടയിൽ വിഷമം ഉണ്ടാക്കുന്നുണ്ട്. ഏതെങ്കിലും തരത്തിൽ ഇത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതു

തന്നെയാണ്. ട്രഷറിയിൽ ഇപ്പോൾ നമുക്ക് ചെയ്യാൻ കഴിയില്ല. അതിന്റെ കാരണം കേന്ദ്ര സർക്കാർ ആദായ നികുതിവകുപ്പ് മൂന്നുമാസത്തെ തുക അപ് ലോഡ് ചെയ്യുന്ന ഏജൻസിയായിട്ട് ട്രഷറിയെ അപ്രൂവ് ചെയ്തിട്ടില്ല. അതിന്റെ സോഫ്റ്റ് വെയറുകളും ട്രഷറിയിലില്ല; അതിനുള്ള ഉദ്യോഗസ്ഥ സംവിധാനവുമില്ല. അതുകൊണ്ടാണ് ഇത്തരത്തിലുള്ള ഏജൻസികളെ സമീപിക്കേണ്ടി വരുന്നത്. ഇത്തരത്തിലുള്ള ഏജൻസികളെ കേന്ദ്രസർക്കാർ തന്നെ നിശ്ചയിച്ചിട്ട് അപ് ലോഡിംഗ് ഫെസിലിറ്റി ഉണ്ടാക്കിയിട്ടുള്ളതാണ്. അത്തരത്തിലുള്ള എന്തെങ്കിലും പ്രശ്നം വരികയാണെങ്കിൽ ഇതിനുള്ള ബുദ്ധിമുട്ട് കേന്ദ്രസർക്കാരിനെ അറിയിക്കാൻ സംസ്ഥാനസർക്കാർ ശ്രമിക്കുന്നതാണ്. സർക്കാർ നാഷണലൈസ്ഡ് ബാങ്കുകൾ ഒഴികെ എച്ച്.ഡി.എഫ്.സി., ഐ.സി.ഐ.സി.ഐ. എന്നീ രണ്ടു ബാങ്കുകൾക്കും ചുമതല ഏല്പിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. ദാസൻ</u>: സർ, വിശദാംശങ്ങൾ യഥാസമയം അപ് ലോഡ് ചെയ്യുന്നതിന് ഇടനിലക്കാരെ ഒഴിവാക്കാൻ എല്ലാ എസ്.റ്റി.ഡി.ഒ.-മാർക്കും അവരുടെ കീഴിൽ പ്രവർത്തിക്കുന്ന സെക്ഷൻ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്കും പ്രത്യേക പരിശീലനം നല്കാൻ പദ്ധതി തയ്യാറാക്കുമോ; ഹയർ സെക്കണ്ടറി സ്കൂളുകളിൽ മിനിസ്റ്റീരിയൽ സ്റ്റാഫ് ഇല്ലാത്തതിനാൽ

എസ്.റ്റി.ഡി.ഒ. ആയി പ്രിൻസിപ്പലിന് പുറമെ തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകരെക്കൂടി അത്തരം പരിശീലനത്തിൽ പരിഗണിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, പരിശീലനം ആവശ്യമുള്ളവർക്ക് ധനവകുപ്പ് നല്കുന്നുണ്ടെന്ന് ഞാൻ ഉത്തരത്തിൽ സൂചിപ്പിച്ചു. ഞാൻ ഒന്നുകൂടി സൂചിപ്പിക്കുന്നു, പെൻഷൻ പറ്റിയവർക്കായാലും ഉദ്യോഗസ്ഥന്മാർക്കായാലും ട്രഷറിയിൽ ടാക്സ് അടയ്ക്കാം. അങ്ങനെ മൂന്നുമാസം ടാക്സ് അടച്ചത് കേന്ദ്രസർക്കാർ ആദായനികുതിവകുപ്പിന് അറിയാൻ കഴിയണം. മൊത്തം ജി.ഡി.പി. ഒക്കെ കണക്കാക്കുമ്പോൾ Quarterly GDP Growth Rate -ഉം Half yearly GDP Growth Rate-ഉം ഒക്കെ അറിയുന്നതിനുവേണ്ടിയാണ് ക്വാർട്ടർലിയായി പണം അടച്ചതിന്റെ കണക്ക് അപ് ലോഡ് ചെയ്യുന്നത്. അത്തരത്തിൽ അപ് ലോഡ് ചെയ്യാനുള്ള ഫെസിലിറ്റിയുള്ളിടത്തു മാത്രമേ അപ് ലോഡ് ചെയ്യാൻ സാധിക്കുകയുള്ളൂ. ഇന്ന് ആ ഫെസിലിറ്റിയുള്ളത് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള 'ടിൻ ഫെസിലിറ്റേഷൻ സെന്റർ' എന്നുപറയുന്ന സെന്ററിൽ മാത്രമാണ്. ആ സൗകര്യങ്ങൾ ഇപ്പോൾ ചില നാഷണലൈസ്ഡ് ബാങ്കുകൾ സ്വീകരിച്ച് അതിന് പ്രത്യേകം അനുവാദം വാങ്ങി അവർതന്നെ അത് ചെയ്യുന്നുണ്ട്. മറ്റു സൗകര്യങ്ങൾ ചെയ്യുന്നില്ല. വാർഷികമായി കൊടുക്കേണ്ട

റിട്ടേൺ വ്യക്തി തന്നെ കൊടുക്കണം. അത്തരത്തിലുള്ള വ്യക്തികൾ കൊടുക്കുന്ന കാര്യത്തിലോ അല്ലെങ്കിൽ വ്യക്തി ഇൻകംടാക്സ് അടയ്ക്കുന്ന കാര്യത്തിലോ പണം പിടിച്ച് അടയ്ക്കുന്ന ഡിസ്ബേഴ്സിംഗ് ഓഫീസർക്കോ എന്തെങ്കിലും സംശയമുണ്ടെങ്കിൽ അത്തരം സംശയം തീർക്കുന്നതിന് ധനകാര്യവകുപ്പ് നടപടിയെടുക്കുന്നതാണ്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, സംസ്ഥാനത്ത് സർക്കാർ ജീവനക്കാരും അദ്ധ്യാപകരും 'സ്പാർക്ക്' വഴിയാണ് ശമ്പളം എടുക്കുന്നത്. അതുപോലെ ഫ്രീ സോഫ്റ്റ് വെയർ ഏർപ്പാടാക്കി ജോലിക്കാർക്ക് പരിശീലനം നല്കി ഇത് ഉപയോഗപ്പെടുത്താൻ സാധിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, തീർച്ചയായും. അത്തരം സൗകര്യങ്ങളെല്ലാം ഉപയോഗപ്പെടുത്താം. കൂടുതൽ സോഫ്റ്റ് വെയറും പുതിയ സംവിധാനവുമൊക്കെ എടുത്ത് ഇൻകംടാക്സ് അടയ്ക്കുന്ന കാര്യത്തിൽ പുതിയ സംവിധാനമുണ്ടാക്കാം. എന്നാൽ മൂന്നുമാസം അടച്ച തുക എത്രയാണെന്ന് കേന്ദ്രസർക്കാരിനെ അറിയിക്കുന്നതിനാണ് ഒരു 'ടിൻ ഫെസിലിറ്റേഷൻ സെന്റർ' കേന്ദ്രസർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത്. അങ്ങനെ മൂന്നുമാസം കൂടുമ്പോൾ അടച്ച തുകയെത്രയെന്ന് അപ് ലോഡ് ചെയ്യുന്നത്

കേന്ദ്രസർക്കാരിന് വിവിധ ഭാഗങ്ങളിൽ നിന്ന് എത്ര പണം വന്നുവെന്ന് അറിയാൻവേണ്ടിയാണ്. അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്, ജി.ഡി.പി. ഗ്രോത്ത് റേറ്റ് ഒക്കെ കണക്കാക്കുന്നതിന്റെ ഭാഗമായിട്ട് ഈ വരുമാനം കിട്ടാനാണ്. ഇപ്പോൾ ക്വാർട്ടർലി റിട്ടേൺ സമർപ്പിക്കുന്നതിനുവേണ്ടിയുള്ള സംവിധാനമുള്ളത് ഈ ഫെസിലിറ്റേഷൻ സെന്ററിൽ മാത്രമാണ്. അതിന്റെ പരിശീലനം അവിടെ കൊടുത്താലും നമുക്ക് നേരിട്ട് ഒന്നും ചെയ്യാൻ കഴിയില്ല. അതിനുള്ള സോഫ്റ്റ് വെയറുകളൊന്നും നമ്മുടെ ട്രഷറിയിലില്ല. അതുകൊണ്ട് ആ സംവിധാനം ഇന്ന് 'ടിൻ ഫെസിലിറ്റേഷൻ സെന്ററി'ൽ മാത്രമേയുള്ളൂ. അവിടെ മാത്രമേ സോഫ്റ്റ് വെയറും ഉദ്യോഗസ്ഥരുമുള്ളൂ. മറ്റുള്ളതിനൊന്നും മൂന്നുമാസം കൂടുമ്പോഴുള്ള റിട്ടേൺ സമർപ്പിക്കുന്ന സൗകര്യങ്ങളില്ല. ബാക്കി നേരിട്ട് റിട്ടേൺ സമർപ്പിക്കാം. വാർഷികമായി റിട്ടേൺ സമർപ്പിക്കുന്നത് വ്യക്തികൾ തന്നെയാണ്. അതിന് നമുക്ക് പരിശീലനം കൊടുക്കാൻ കഴിയും. ഉദ്യോഗസ്ഥന്മാർക്ക് ടാക്സ് അടയ്ക്കുന്നതിൽ എന്തെങ്കിലും സംശയമുണ്ടെങ്കിൽ അതിനും പരിശീലനം കൊടുക്കാൻ കഴിയും. മൂന്നുമാസം കൂടുമ്പോൾ എത്ര അടച്ചുവെന്ന തുക അപ് ലോഡ് ചെയ്യുന്നതിന് ഈ 'ടിൻ ഫെസിലിറ്റേഷൻ സെന്ററി'ൽ മാത്രമേ സോഫ്റ്റ് വെയറും സൗകര്യങ്ങളുമുള്ളൂ.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ടി.ഡി.എസ്. ഫയൽ ചെയ്യുന്നതിന് അമിത ഫീസ് ഈടാക്കുന്നത് നിയന്ത്രിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അത്തരത്തിൽ പരാതിയൊന്നും ലഭിച്ചിട്ടില്ല. യഥാർത്ഥത്തിൽ എത്ര ഫീസ് അടയ്ക്കണമെന്ന് ഞാൻ നേരത്തെ ഉത്തരത്തിൽ വായിച്ചതാണ്. സർക്കാർതന്നെ ഇത്ര ഫീസേ അടയ്ക്കേണ്ടതുള്ളൂയെന്ന് പറഞ്ഞിട്ടുണ്ട്. അതിൽ കൂടുതൽ അടയ്ക്കേണ്ടി വരികയോ അങ്ങനെ ആർക്കെങ്കിലും പരാതിയുണ്ടെങ്കിലോ അക്കാര്യം അപ്പോൾ പരിശോധിക്കുന്നതാണ്.

ശ്രീ. അനിൽ അക്കര: സർ, ഇന്ത്യയിൽ സ്വാശ്രയ സ്ഥാപനങ്ങളും മെഡിക്കൽ കോളേജുകളും എഞ്ചിനീയറിംഗ് കോളേജുകളും സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നു. കേരളത്തിലെ സ്വാശ്രയ സ്ഥാപനങ്ങൾ മുഴുവൻ ചാരിറ്റി ആക്ടോ ട്രസ്റ്റ് ആക്ടോ അനുസരിച്ചാണ് പ്രവർത്തിക്കുന്നത്. ഇന്ന് ഒരു കോ-ഓപ്പറേറ്റീവ് സ്ഥാപനം നടത്തുന്നതിനേക്കാൾ കൂടുതൽ ബിസിനസ്സും ടേൺ ഓവറും ഉള്ള സ്ഥാപനങ്ങളാണ് ഇവ. ഇതുമായി ബന്ധപ്പെട്ട് ഈ സ്ഥാപനങ്ങളോ അതിലെ ട്രസ്റ്റികളോ ആദായനികുതിയോ സേവന നികുതിയോ അടച്ചിട്ടുണ്ടോ; അടയ്ക്കാത്തത് സർക്കാരിന്റെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഈ ചോദ്യവുമായി ബന്ധപ്പെട്ടതല്ല. എങ്കിലും അത്തരത്തിൽ എന്തെങ്കിലും പരാതികൾ ലഭിക്കുകയാണെങ്കിൽ തീർച്ചയായും അത് പരിശോധിക്കും. സ്വാശ്രയ കോളേജുകളിൽ മാത്രമല്ല, വേറെ എവിടെയായാലും സർക്കാരിന് അടയ്ക്കേണ്ട നികുതി അടയ്ക്കാത്തത് സംബന്ധിച്ച റിപ്പോർട്ട് ലഭിക്കുകയാണെങ്കിൽ സർക്കാർ അത് പരിശോധിക്കും.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇതിന്റെ ഡീറ്റെയിൽസ് അപ്‌ലോഡ് ചെയ്യുമ്പോൾ പുറത്തുള്ള ഏജൻസികൾ നികുതിദായകരെ ചൂഷണം ചെയ്യുന്നുവെന്നതാണ് പ്രധാനപ്പെട്ട വിഷയം. ഇവിടെ പലരും സൂചിപ്പിച്ചതുപോലെ ഓരോ ഡിപ്പാർട്ടുമെന്റിൽ നിന്നും ഒരാളെയെങ്കിലും എടുത്തുകൊണ്ട് ഗവൺമെന്റിന് തന്നെ ഇതിനൊരു പരിശീലനം നൽകാൻ കഴിയില്ലേ; അങ്ങനെ നൽകിയാൽ ചൂഷണത്തിൽ നിന്നും വിമുക്തി നേടാൻ സഹായകമാകില്ലേ എന്നതാണ് എന്റെ ചോദ്യം.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കഴിയില്ലായെന്ന് ഞാൻ വ്യക്തമാക്കി. അതായത് മൂന്നു മാസത്തെ പണമടച്ച റിട്ടേൺ സമർപ്പിക്കണമെങ്കിൽ പ്രത്യേക സോഫ്റ്റ്‌വെയറും സംവിധാനവും വേണം. ടിൻ ഫെസിലിറ്റേഷൻ സെന്ററുകളിൽ

മാത്രമാണ് അത്തരം സംവിധാനം ഇന്ന് കേന്ദ്ര സർക്കാർ ഒരുക്കിയിട്ടുള്ളത്. ട്രഷറിയിൽ അത് ചെയ്യാനുള്ള സംവിധാനം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല. കേന്ദ്ര സർക്കാർ ഇത് അപ്‌ലോഡ് ചെയ്യാനുള്ള അക്രഡിറ്റഡ് ഏജൻസിയായി ട്രഷറിയെ തീരുമാനിച്ചില്ല. അതുകൊണ്ട് ട്രഷറിയിൽ ഇത് അടയ്ക്കുന്നതിനുള്ള പരിശീലനം ഒരു ഉദ്യോഗസ്ഥന് കൊടുത്താലും അത് അടയ്ക്കാനുള്ള സംവിധാനം ട്രഷറിയിൽ ഇല്ല. ആ സംവിധാനം ഇപ്പോൾ ടിൻ ഫെസിലിറ്റേഷൻ സെന്ററിൽ മാത്രമേയുള്ളൂ. അതുകൊണ്ടാണ് ഇത്തരത്തിൽ ചില ചൂഷണമുണ്ടെന്ന് പറയപ്പെടുന്നത്. നമുക്ക് ഔദ്യോഗികമായി വിവരങ്ങളോ പരാതികളോ ഒന്നും ഇല്ല. ടിൻ ഫെസിലിറ്റേഷൻ സെന്ററിനുള്ള സൗകര്യങ്ങൾ മറ്റു ദിക്കുകളിലേക്ക് കൊടുക്കണമോയെന്ന് തീരുമാനിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ഇപ്പോഴത്തെ നിലയ്ക്ക് ടിൻ ഫെസിലിറ്റേഷൻ സെന്ററിൽ മാത്രമേയുള്ളൂ. ചില നാഷണലൈസ്ഡ് ബാങ്കുകൾ പ്രത്യേക അനുവാദം വാങ്ങി ഈ സോഫ്റ്റ്‌വെയറും സംവിധാനങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. ഈ മൂന്നു മാസത്തെ അടച്ച തുക അവർ തന്നെ അപ്‌ലോഡ് ചെയ്യുന്നുണ്ട്. പക്ഷെ ആ സംവിധാനം ഇന്ന് ട്രഷറിയിൽ ഇല്ല.

കിൻഫ്രയുടെ പ്രവർത്തനം

2 (*332) ശ്രീ. കെ. മുരളീധരൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യവസായ സൗഹൃദ അന്തരീക്ഷം വളർത്തുന്നതിൽ കിൻഫ്ര വഹിച്ചിട്ടുള്ള പങ്ക് വിശദമാക്കുമോ;

(ബി) കിൻഫ്രയുടെ ആഭിമുഖ്യത്തിൽ പുതിയ വ്യവസായ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; ഇതിനായി എത്ര കോടിയുടെ മുതൽ മുടക്ക് പ്രതീക്ഷിക്കുന്നു;

(സി) ഡിഫൻസ് പാർക്കിന് കേന്ദ്ര സഹായം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന ഗ്ലോബൽ ആയൂർവില്ലേജിന് കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ ധനസഹായം ഉറപ്പാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ഉണ്ട്. വ്യവസായങ്ങൾ ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വ്യവസായ നിക്ഷേപം ആകർഷിക്കുക എന്നുള്ളതാണ് കിൻഫ്രയുടെ പ്രഖ്യാപിത ലക്ഷ്യം. അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിച്ച് കിൻഫ്ര വ്യവസായ നിക്ഷേപങ്ങൾ ആകർഷിച്ചുകൊണ്ടിരിക്കുന്നു. ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും സമയബന്ധിതമായി ലഭിക്കുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. സംരംഭകർക്ക് അവരുടെ സംരംഭങ്ങൾ വിജയകരമായി പ്രവർത്തിപ്പിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിൽ കിൻഫ്ര നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്.

(ബി) ഉദ്ദേശമുണ്ട്. പുതിയ പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. ഗ്ലോബൽ ആയുർവേദ വില്ലേജ്, തിരുവനന്തപുരം
2. മെഗാ ഫുഡ് പാർക്ക്, പാലക്കാട്
3. ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്
4. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം

5. ഫുട് വെയർ ക്ലസ്റ്റർ, രാമനാട്ടുകര, കോഴിക്കോട്

6. സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി

7. വ്യവസായ വികസന മേഖല, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ

8. വ്യവസായ പാർക്ക്, മട്ടന്നൂർ

പ്രസ്തുത പദ്ധതികൾ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ ഏകദേശം 6630 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്.

(സി) കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ധനസഹായമായി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) ഗ്ലോബൽ ആയുർവേദ വില്ലേജ് പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുപ്രകാരം ഇതിന്റെ മുതൽ മുടക്ക് സ്വകാര്യ സംരംഭകരുടേതാണ്. ഭൂമി, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കുക തുടങ്ങിയവയാണ് കിൻഫ്രയുടെ പങ്ക്. വ്യവസായ സംരംഭകർക്ക് കേന്ദ്ര ആയുഷ് വകുപ്പിന്റെ ധനസഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, കിൻഫ്രയുടെ കീഴിലുള്ള പല വ്യവസായ സ്ഥാപനങ്ങളും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം അടച്ചുപൂട്ടുന്നുണ്ട്. യാത്രാ സൗകര്യങ്ങൾ, നല്ല റോഡിന്റെ അഭാവം ഇവയെല്ലാം കണക്കിലെടുത്തുകൊണ്ടാണ് കഴിഞ്ഞ ബഡ്ജറ്റിൽ കിൻഫ്രയുടെ വികസനത്തിനുവേണ്ടി 101 കോടി രൂപ ഗവൺമെന്റ് മാറ്റി വച്ചിട്ടുണ്ട്. ഇതുപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യ വികസനത്തിന് ഗവൺമെന്റ് മുൻഗണന നൽകുമോ?

ശ്രീ. പിണറായി വിജയൻ: സർ, കിൻഫ്ര ഒരുക്കിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ നമ്മുടെ നാടിന്റെ വികസനത്തിന് ഒഴിച്ചുകൂടാനാവാത്തതാണ്. അതുകൊണ്ട് എന്തെങ്കിലും തരത്തിലുള്ള കുറവുകളുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ.... പ്രത്യേകിച്ച് അതിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന് പ്രത്യേക പരിഗണന തന്നെ സർക്കാർ നൽകും.

ശ്രീ. കെ. മുരളീധരൻ: സർ, ഗ്ലോബൽ ആയുർവേദ വില്ലേജിന് കേന്ദ്ര ആയുഷ് വകുപ്പിന്റെ ധനസഹായം പ്രതീക്ഷിക്കുന്നുവെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്. 10 ഏക്കർ സ്ഥലം സംസ്ഥാന ഗവൺമെന്റ്

നൽകിയാൽ കേന്ദ്ര സഹായം നൽകാമെന്ന് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഞാനും അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രിയും പങ്കെടുത്ത ഒരു ചടങ്ങിൽ അന്നത്തെ കേന്ദ്ര ആയുഷ് വകുപ്പുമന്ത്രി ശ്രീ. ശ്രീപത് നായിക് പറഞ്ഞിരുന്നു. ഗവൺമെന്റ് സ്ഥലവും ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷെ ഇതുവരെയും കേന്ദ്ര ഗവൺമെന്റ് അനുകൂലമായ സ്റ്റാൻഡ് എടുത്തിട്ടില്ലായെന്നാണ് മനസ്സിലാക്കുന്നത്. ശക്തമായ സമ്മർദ്ദം ചെലുത്തി കേന്ദ്ര സഹായം നേടിയെടുക്കാൻ ഗവൺമെന്റ് മുൻകൈ എടുക്കുമോ; അല്ലെങ്കിൽ കേന്ദ്ര സർക്കാരിന് ഇഷ്ടമുള്ള സ്ഥലത്തേയ്ക്ക് ആയുഷ് വകുപ്പിന്റെ ഫണ്ട് കൊണ്ടുപോകും. അതുകൊണ്ട് എല്ലാവരും ഒരുമിച്ച് ചേർന്ന് ശക്തമായിട്ടുള്ള സമ്മർദ്ദം കേന്ദ്രത്തിൽ ചെലുത്താൻ ഗവൺമെന്റ് മുൻകൈ എടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിൽ ഇപ്പോൾ ചെറിയൊരു വ്യത്യാസം വന്നിട്ടുണ്ട്. സ്വകാര്യ സംരംഭകർക്കായി ഒരു സംവിധാനം ഒരുക്കലാണ് നേരത്തെ ഉദ്ദേശിച്ചത്. എന്നാൽ ഇപ്പോൾ ആയുർവേദ മേഖലയുടെ ഗവേഷണത്തിനും മറ്റ് എല്ലാവിധ വികസനത്തിനും ഉതകുന്നവിധത്തിലുള്ള ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുവേണ്ടിയാണ്

ആരോഗ്യവകുപ്പ് മുൻകൈ എടുത്തുകൊണ്ടിരിക്കുന്നത്. കേന്ദ്രസർക്കാരുമായി അക്കാര്യം ചർച്ച ചെയ്തപ്പോൾ അതിന് ആവശ്യമായ സഹായം നൽകാമെന്ന് ഉറപ്പു നൽകിയിട്ടുണ്ട്. അതിനാണ് സർക്കാർ ഇപ്പോൾ മുൻഗണന നൽകുന്നത്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ഓൺ ഫണ്ട് വളരെ കുറവുള്ള പഞ്ചായത്തുകൾ ഉണ്ട്. അവിടെ പ്രത്യേക വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുവാൻ നമുക്ക് സാധിക്കുകയില്ല. അത്തരം സാഹചര്യങ്ങൾ വരുമ്പോൾ, വലിയ സ്ഥലങ്ങളല്ലാതെ ചെറിയ വിലയ്ക്ക് കിട്ടാവുന്ന ചെറിയ പ്രദേശങ്ങളിൽ മിനി പാർക്കുകൾ ഏറ്റെടുക്കാൻ കഴിയുന്ന തരത്തിൽ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാൻ കഴിയുമോ: അങ്ങനെ വന്നാൽ റിമോട്ട് ഏരിയായിൽ ചെറിയ ചെറിയ സ്ഥാപനങ്ങൾ കൊണ്ടുവരാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സാധിക്കും. പഞ്ചായത്തുകൾക്ക് അത് വരുമാനവുമായിരിക്കും. കഞ്ചിക്കോട്-ഒറ്റപ്പാലം പോലുള്ള വലിയ പാർക്കുകളല്ലാതെ പഞ്ചായത്ത് പ്രദേശങ്ങളിൽ ചെറിയ സ്ഥലങ്ങൾ ചെറിയ വിലയ്ക്ക് കിൻഫ്രയ്ക്കുവേണ്ടി ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, അത്തരം ഒരു പാർക്ക് സ്ഥാപിക്കപ്പെട്ടാൽ അവിടെ വരാനിടയുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുകൂടി

ആലോചിക്കേണ്ട വിഷയമാണ്. അങ്ങനെയൊരു സാധ്യതയുണ്ടെങ്കിൽ അതിന് തടസ്സം നിൽക്കുന്ന സമീപനം സർക്കാർ സ്വീകരിക്കുകയില്ല.

ശ്രീ. അടൂർ പ്രകാശ്: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പുതിയ കിൻഫ്ര പാർക്ക് സ്ഥാപിക്കാൻ വേണ്ടി സ്ഥല പരിശോധന നടത്തി ജില്ലാ കളക്ടർമാരിൽ നിന്നും റിപ്പോർട്ടുകളും മറ്റും ലഭിച്ചിട്ടുണ്ട്. അത്തരം റിപ്പോർട്ടുകൾ ലഭിച്ച സ്ഥലങ്ങൾ പ്രത്യേകമായി പരിഗണിച്ചുകൊണ്ട് പുതിയ കിൻഫ്രാ പാർക്കുകൾ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, പാർക്കുകൾ ഇനിയും വേണ്ടതായി വരും. അത് നമ്മുടെ സംസ്ഥാനത്തിന്റെ വ്യാവസായിക വികസനവുമായി ബന്ധപ്പെട്ടുള്ള പ്രശ്നമാണ്. പഴയതും പുതിയതുമായിട്ടുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടു തന്നെയാണ് പുതിയ പാർക്കുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുക. അത് ഒരു ഘട്ടത്തിലും വേണ്ടായെന്ന സമീപനം ഗവൺമെന്റ് സ്വീകരിക്കുകയില്ല.

ശ്രീ. ഒ. രാജഗോപാൽ: സർ, ആയുഷിന്റെ സഹായത്തോടുകൂടി ഒരു ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങാൻ കേന്ദ്ര സർക്കാർ സഹായിക്കാൻ തയ്യാറാണെന്ന്

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നു. അതിന് ഏതെങ്കിലും സ്ഥലം സംസ്ഥാന സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ആ സ്ഥലം കണ്ടെത്തേണ്ടത് ആരോഗ്യവകുപ്പാണ്. ആരോഗ്യവകുപ്പ് വേഗം തന്നെ അതിനുവേണ്ട സ്ഥലം കണ്ടെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുവരെ ഒരു സ്ഥലവും നിർദ്ദേശിച്ചിട്ടില്ല.

ശ്രീ. സി. ദിവാകരൻ : സർ, കിൻഫ്ര പാർക്കെന്നുപറയുന്ന സങ്കല്പം വളരെ ഭാവനാപൂർണ്ണമായ, വ്യവസായമേഖലയ്ക്കുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ്. അതിനുമുമ്പ് പ്രാകൃതമായ ഒരു സംവിധാനം കേരളത്തിലുണ്ടായിരുന്നു, അതാണ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ. സംരംഭകരെ ആകർഷിക്കുക, വ്യവസായം തുടങ്ങുക, ലോൺ ലഭ്യമാക്കുക, അടിസ്ഥാന സൗകര്യം വിപുലപ്പെടുത്തുക തുടങ്ങിയവയാണ് കിൻഫ്ര പാർക്കും ചെയ്യുന്നത്. കേരളത്തിലെ വ്യവസായ മേഖലയിൽ മാനുഫാക്ച്ചറിംഗ് സെക്ടർ നാമാവിശേഷമാവുകയാണ്. കിൻഫ്ര പാർക്കിൽ സർവ്വീസ് മേഖലയാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്, എല്ലാം ആധുനിക വ്യവസായങ്ങളാണ്. ഈ പാർക്കിൽ മാനുഫാക്ച്ചറിംഗ് യൂണിറ്റ് തുടങ്ങാൻ ആവശ്യമായ സൗകര്യമേർപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. പിണറായി വിജയൻ</u> : സർ, മാനുഫാക്ച്ചറിംഗ് യൂണിറ്റിനുവേണ്ടിയും കിൻഫ്രയ്ക്ക് സ്ഥലം ഏറ്റെടുത്ത് കൊടുക്കാവുന്നതാണ്. അതിന് പ്രത്യേക തടസ്സങ്ങളൊന്നും ഇപ്പോഴില്ല. അക്കാര്യവും ഇക്കൂട്ടത്തിൽ ചെയ്യാവുന്നതേയുള്ളൂ. അതിന് മറ്റ് തടസ്സങ്ങളൊന്നുമില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : സർ, കിൻഫ്ര പാർക്കിൽ വരുന്ന പ്രധാനപ്പെട്ട ഒരു വിഷയം, വിവിധ രൂപത്തിലുള്ള സ്ഥാപനങ്ങൾ ഒരേ സ്ഥലത്ത് വരികയാണ്. ഫുഡ് മാനുഫാക്ച്ചറിംഗും കെമിക്കൽ നിർമ്മിക്കുന്ന പുതിയ ഫാക്ടറികളും ഇതുപോലുള്ള വ്യവസായങ്ങളും ഒരുമിച്ച് വരുന്നതുകൊണ്ട് സ്വാഭാവികമായി അതിന്റെ ഭാവി വളരെ അപകടത്തിലേയ്ക്ക് പോകും. ഒന്ന്, ആയതിനാൽ ഇതിന് സ്പെഷ്യലൈസേഷനുണ്ടാക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശം കൊടുക്കുമോ; ഒരു പാർക്ക് ഒരു സ്പെഷ്യലൈസേഷനുവേണ്ടി വയ്ക്കുക. സമാനരീതിയിലുള്ള സ്ഥാപനങ്ങൾ മറ്റ് സ്പെഷ്യലൈസ്ഡ് ഏരിയയിലേയ്ക്ക് മാറ്റുക. രണ്ട്, ചെറിയ തുക കൊടുത്ത് വാങ്ങുന്ന സ്ഥലത്ത് ഇന്റേണലായ വികസനങ്ങളെല്ലാം നടത്തി, അകത്ത് റോഡുകളെല്ലാം തയ്യാറാക്കി കൊടുക്കുമ്പോൾ നൂറും ഇരുന്നൂറും ശതമാനം വർദ്ധനവിലാണ് ഈ സ്ഥലം കൊടുക്കുന്നത്. അതുകൊണ്ടുതന്നെ സാധാരണക്കാരായ ആളുകൾക്ക് ഇവിടെ വന്നുചേരാൻ സാധിക്കില്ല. ഈ

രണ്ടുകാര്യങ്ങളെക്കുറിച്ചും ഗവൺമെന്റ് വ്യക്തമാക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u> : സർ, ആദ്യം പറഞ്ഞ വിഷയം, കിൻഫ്രയുടെ പാർക്കുകൾ സ്ഥാപിക്കുമ്പോൾ അതിന് പ്രത്യേക സ്പെഷ്യലൈസേഷൻ ഉണ്ടായിരുന്നില്ലെന്നത് ശരിയാണ്. അങ്ങ് ചൂണ്ടിക്കാണിച്ച ഉദാഹരണങ്ങൾ പോലുള്ള ഗൗരവകരമായ സംഭവങ്ങൾ ചിലയിടങ്ങളിൽ ഉയർന്നുവന്നിട്ടുണ്ട്. പൊട്ടാസ്യം സൈനേഡ് ഉപയോഗിച്ച് പ്രവർത്തനം നടത്തുന്ന സ്ഥലത്തിനടുത്ത് ഒരു ഫുഡ് പ്രോസസ്സിംഗ് യൂണിറ്റുമുണ്ടെങ്കിൽ സ്വാഭാവികമായും ആശങ്കയുണ്ടാകും. എത്ര ശുദ്ധീകരിക്കുന്നുവെന്ന് പറഞ്ഞാലും ആളുകളിൽ ആശങ്കയുണ്ടാകും. ഇനി സ്പെഷ്യലൈസേഷനിലേയ്ക്ക് പോകാവുന്നതാണ്. നേരത്തെ സ്പെഷ്യലൈസേഷൻ ഇല്ലാതിരുന്നതിന് കുറ്റം പറയാൻ സാധിക്കില്ല. വ്യവസായ പാർക്കുകൾ ഇപ്പോൾ വികസിച്ചുവരുന്നതായിട്ടാണ് കാണുന്നത്. സ്പെഷ്യലൈസേഷന്റെ കാര്യവും ആലോചിക്കാവുന്നതാണ്. അങ്ങ് പറഞ്ഞ രണ്ടാമത്തെ കാര്യം ഓരോ മുതൽമുടക്കുകാരും ലാഭം ഉദ്ദേശിക്കുന്നുണ്ടാവും. എന്നാൽ ഇതൊരു പൊതുകാര്യമായതുകൊണ്ട് കിൻഫ്രയ്ക്ക് അമിതമായ ലാഭം വേണ്ട. അതിന് പറ്റുന്ന സമീപനം സ്വീകരിക്കാം.

<u>ശ്രീ. വി. ജോയി</u> : സർ, ഗ്ലോബൽ ആയുർവേദ വില്ലേജിന്റെ ഭാഗമായി

വർക്കല നിയമസഭാ മണ്ഡലത്തിലെ അയിരൂര് 65 ഏക്കർ ഭൂമി കഴിഞ്ഞ നാല് വർഷമായി ഫ്രീസ് ചെയ്ത് വച്ചിരിക്കുകയാണ്. സമയബന്ധിതമായി അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനുവേണ്ടി ആ ഭൂമി ഏറ്റെടുക്കലും, അതുമായി ബന്ധപ്പെട്ട ഡി.എൽ.പി.സി. മീറ്റിംഗും ചേരുന്നില്ല. ഇക്കാര്യത്തിൽ അടിയന്തരമായി അങ്ങ് ഇടപെടുമോ?

<u>ശ്രീ. പിണറായി വിജയൻ</u> : സർ, ഇവിടെ പറഞ്ഞ പുതിയ ആയുർവേദ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാര്യം ആരോഗ്യ വകുപ്പ് പരിശോധിക്കട്ടെ. ആ പരിശോധന നടക്കും.

<u>ശ്രീ. കെ. സി. ജോസഫ്</u> : സർ, ലോക മാർക്കറ്റിംഗിൽ ഏറ്റവും പ്രശസ്തമാണ് കണ്ണൂർ കൈത്തറി. കണ്ണൂർ ജില്ലയിലെ നാടുകാണിയിൽ കിൻഫ്രയുടെ അപ്പാരൽ പാർക്ക്, കൈത്തറി പാർക്ക് എന്നിവയുടെ കെട്ടിടനിർമ്മാണം പൂർത്തിയായി കിടക്കുകയാണ്. വർഷങ്ങളായി ആരും occupy ചെയ്യുന്നില്ല. കണ്ണൂർ കൈത്തറിക്ക് ലോക മാർക്കറ്റിലുള്ള സ്ഥാനം കണക്കിലെടുത്ത് ഉപയോഗശൂന്യമായി കിടക്കുന്ന നാടുകാണിയിലെ അപ്പാരൽ പാർക്കും, കിൻഫ്ര പാർക്കും പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u> : ഇവിടെ പറഞ്ഞ കാര്യം ശരിയാണ്,

കൈത്തറിയുടെ കാര്യത്തിൽ കേരളത്തിലെ രണ്ടു-മൂന്ന് സ്ഥലങ്ങളിൽ നിന്നും ഏറ്റവും മുന്നിൽ നിൽക്കുന്ന സ്ഥലം തന്നെയാണ് നാട്ടുകാണി. കൈത്തറി രംഗം കൂടുതൽ അഭിവൃദ്ധിപ്പെടുത്താൻ കണ്ണൂർ കേന്ദ്രമായിട്ടുള്ള നടപടികൾ വ്യവസായ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ടായിരുന്നു. ഇപ്പോൾ പറഞ്ഞ പ്രശ്നം പ്രത്യേകമായി പരിശോധിച്ച് എന്താണ് ചെയ്യാൻ കഴിയുമെന്നുള്ളത് പരിശോധിക്കാം..

ശ്രീ. പി. ഉണ്ണി : സർ, ഒറ്റപ്പാലം ഡിഫൻസ് പാർക്കിൽ എത്ര വ്യവസായ സ്ഥാപനങ്ങൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ട്; പ്രസ്തുത വ്യവസായ പാർക്കിന്റെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. പിണറായി വിജയൻ : സർ, ഇക്കാര്യം ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചു. പാലക്കാടുള്ള ഒറ്റപ്പാലം ഡിഫൻസ് പാർക്കിനെ നേരത്തെ ചൂണ്ടിക്കാണിച്ച എട്ടിനങ്ങളിൽ പ്രധാനപ്പെട്ട ഒന്നായി തന്നെയാണ് കാണിച്ചിട്ടുള്ളത്. അത് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചു, അത് തുടർന്നുവരുകയാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ : സർ, വ്യവസായങ്ങൾ വളർന്നുവരുന്നതിന് പ്രധാനപ്പെട്ട ഒരു ചേരുവ ഗവേഷണമാണ്. കേരളത്തിന്റെ പൊതു സാമ്പത്തിക ഘടന നോക്കുമ്പോൾ, ഗവേഷണത്തിലുള്ള കുറവുമൂലമായിരിക്കും കേരളത്തിന്റെ

തനതായ വ്യവസായങ്ങളൊന്നും മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കാത്തത്. കിൻഫ്ര പാർക്കിൽ ആയുർവ്വേദ വില്ലേജുണ്ട്, ഫുഡ് പാർക്ക്, ഫുഡ്‌വെയർ ക്ലസ്റ്റർ തുടങ്ങിയവയൊക്കെ വിഭാവനം ചെയ്യുമ്പോൾ അതിനോടനുബന്ധിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കൂടി കോർത്തിണക്കി ഗവേഷണത്തിനുള്ള അടിത്തറ പാകാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, അത് വിപുലമായ രീതിയിലുള്ള ഒരു വിഷയമാണ്. ഇത്തരം പാർക്കുകളുമായി ബന്ധപ്പെട്ട് വരുന്ന ഒരു പ്രശ്നമല്ലത്. എന്നാൽ അങ്ങ് ചൂണ്ടിക്കാണിച്ചത് പ്രധാനപ്പെട്ട വിഷയമാണ്. നമ്മുടെ മികച്ച വ്യവസായ സ്ഥാപനങ്ങളിൽ അവർക്ക് ആവശ്യമായ ഗവേഷണങ്ങൾ കൂടി നടത്തത്തക്കരീതിയിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടുത്തുണ്ടാവണം, അത് നല്ല രീതിയിൽ മെച്ചപ്പെടുത്തിക്കൊണ്ടുപോകാൻ കഴിയണം, അത്തരം കാര്യങ്ങൾ നമുക്ക് ആലോചിച്ച് തുടങ്ങേണ്ടതായിട്ടുണ്ട്.

ശ്രീ. വി. ആർ. സുനിൽകുമാർ : സർ, കിൻഫ്രയുടെ കീഴിൽ തുടങ്ങിയിട്ടുള്ള വ്യവസായ പാർക്കുകളിലെ വ്യവസായങ്ങൾ ലാഭകരമായാണോ നടന്നുവരുന്നത്?

ശ്രീ. പിണറായി വിജയൻ : സർ, അതിൽ വലിയ നഷ്ടമില്ലായെന്നാണ് തോന്നുന്നത്. കൃത്യമായ കണക്കുകൾ ഇപ്പോൾ എന്റെ കൈവശമില്ല. അത്

പരിശോധിച്ച് പറയാം.

മി. സ്പീക്കർ: ചോദ്യം നമ്പർ 333-ഉം 355-ഉം ക്ലബ്ബ് ചെയ്യാനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. അത് അംഗീകരിക്കുന്നു.

വിനോദസഞ്ചാര മേഖലയുടെ വികസനം

3 (*333) ശ്രീ. പി. ടി. തോമസ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. കെ. സി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ വിനോദസഞ്ചാരമേഖലയുടെ വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വിവരിക്കുമോ;

(സി) സംസ്ഥാനത്തിന്റെ പ്രകൃതി സംരക്ഷണത്തിനും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള കാര്യങ്ങൾ ടൂറിസ വികസനത്തിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഉൾപ്പെടുത്തുമോ; വിശദാംശം ലഭ്യമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ & ബി) സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയുടെ വികസനത്തിന് വിവിധങ്ങളായ പദ്ധതികളാണ് വകുപ്പ് ആവിഷ്കരിച്ചുവരുന്നത്. പുതിയ ടൂറിസം ഉൽപ്പന്നങ്ങളുടെ വികസനം, കാര്യക്ഷമതയുള്ള പ്രചാരണ പരിപാടികൾ, നൂതന വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കൽ, ടൂറിസം കേന്ദ്രങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിടുന്ന പദ്ധതികൾ ആവിഷ്കരിക്കൽ, ടൂറിസം രംഗത്ത് മികവുറ്റ മാനവശേഷി വികസനം, തദ്ദേശവാസികൾക്ക് ടൂറിസത്തിന്റെ ഗുണഫലങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ, സ്വകാര്യ-പൊതുമേഖലകളിലൂടെ ടൂറിസം രംഗത്തുള്ള നിക്ഷേപം വർദ്ധിപ്പിക്കൽ എന്നിങ്ങനെ വിവിധ കർമ്മ പദ്ധതികൾ ഇതിനായി ടൂറിസം വകുപ്പ് ആസൂത്രണം ചെയ്തിട്ടുണ്ട്.

(സി) ടൂറിസം പദ്ധതികൾ തയ്യാറാക്കുമ്പോൾ പ്രകൃതി സംരക്ഷണത്തിന് വകുപ്പ് ഏറ്റവും പ്രാധാന്യം നൽകുന്നുണ്ട്. പ്രകൃതിയുമായി ഇണങ്ങുന്ന വാസ്തുശിൽപ്പശൈലിയും, നിർമ്മാണ വസ്തുക്കളും ഉപയോഗിക്കുന്നു. ജലസംരക്ഷണ പദ്ധതികളും സൗരോർജ്ജമടക്കമുള്ള പ്രകൃതിദത്തമായ ഊർജ്ജസ്രോതസ്സുകളും ഉപയോഗിക്കുന്നതിനും പ്രാധാന്യം നൽകുന്നുണ്ട്. അടിസ്ഥാന സൗകര്യവികസനം

ടൂറിസം പദ്ധതിളുടെ പ്രധാന ഘടകമാണ്. ടൂറിസം കേന്ദ്രങ്ങളിൽ എത്തിച്ചേരുന്നതിനുള്ള സൗകര്യം, കുടിവെള്ളം, വൈദ്യുതി, മാലിന്യസംസ്കരണം, ദിശാസൂചകങ്ങൾ, ശുചിമുറി സൗകര്യങ്ങൾ എന്നിവ പദ്ധതികളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സമഗ്ര ടൂറിസം വികസന പദ്ധതി

(*355) ശ്രീ. വി. ജോയി:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. എം. സ്വരാജ്
ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ 'സമഗ്ര ടൂറിസം വികസന പദ്ധതി' നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം വിനോദസഞ്ചാര കേന്ദ്രങ്ങളാണ് ഇതിനായി വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ വിവിധ തീർത്ഥാടന കേന്ദ്രങ്ങൾ ലക്ഷ്യമാക്കി ഒരു

തീർത്ഥാടന പൈതൃക ടൂറിസം പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ) ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്ത് സമഗ്ര ടൂറിസം വികസന പദ്ധതികൾക്കുള്ള നടപടികളാണ് നിലവിൽ ആവിഷ്കരിച്ചുവരുന്നത്. സംസ്ഥാന സർക്കാരിന്റെയും സംസ്ഥാന സർക്കാർ സംരംഭമായ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB)-ന്റെയും കേന്ദ്ര സർക്കാരിന്റെയും സഹായത്തോടെയുള്ള സമഗ്രവികസനമാണ് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ വികസിപ്പിക്കുന്ന കേന്ദ്രങ്ങളോടൊപ്പം സ്വകാര്യ സംരംഭകരുടെ പങ്കാളിത്തത്തോടുകൂടിയുള്ള ടൂറിസം പദ്ധതികളും സ്വകാര്യ മേഖലയിലുള്ള പദ്ധതികളും വിവക്ഷിക്കുന്നുണ്ട്. ഹോട്ടലുകൾ, കൺവെൻഷൻ സെന്ററുകൾ, ടൂറിസ്റ്റ് ട്രാൻസ്പോർട്ട് സംവിധാനങ്ങൾ, വഴിയോര വിശ്രമ കേന്ദ്രങ്ങൾ, ആയുർവ്വേദ കേന്ദ്രങ്ങൾ, ഹൗസ് ബോട്ടുകൾ, ഹോംസ്റ്റേകൾ, അഡ്വഞ്ചർ ടൂറിസം തുടങ്ങിയ വിവിധമേഖലകളിൽ സ്വകാര്യ നിക്ഷേപത്തിനായി സാദ്ധ്യതയുള്ളതാണ്. പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികൾ വികസിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ട്.

നൂതനമായ പ്രചരണവും വിപണനവും ഇതിന്റെ ഭാഗമായി ആവിഷ്കരിച്ചുവരുന്നു.

(ബി) ഇപ്പോൾ 9,77,479 വിദേശ ടൂറിസ്റ്റുകളും 1,24,65,571 ആഭ്യന്തര ടൂറിസ്റ്റുകളും ഒരു വർഷത്തിൽ കേരളം സന്ദർശിക്കുന്നുണ്ട്. അടുത്ത 5 വർഷം കൊണ്ട് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 50 ശതമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് ഇപ്പോൾ 14 ലക്ഷം തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് എന്നാണ് കണക്കാക്കപ്പെടുന്നത്. അടുത്ത അഞ്ച് വർഷം കൊണ്ട് 4 ലക്ഷത്തിലധികം തൊഴിലവസരം സൃഷ്ടിക്കുന്നതിന് ഉദ്ദേശിക്കുന്നു.

(സി) പ്രധാനപ്പെട്ട മലയോര, കായലോര, ടൂറിസം കേന്ദ്രങ്ങൾ, ബീച്ചുകൾ, ഇക്കോ ടൂറിസം കേന്ദ്രങ്ങൾ, മറ്റ് സാദ്ധ്യതയുള്ള ടൂറിസം മേഖലകൾ, പൈതൃക-സംരക്ഷിത കേന്ദ്രങ്ങൾ, ബേക്കൽ, തലശ്ശേരി, മുസിരിസ് തുടങ്ങിയ വിവിധ കേന്ദ്രങ്ങളാണ് ഈ രീതിയിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) സംസ്ഥാനത്തെ ചില തീർത്ഥാടന കേന്ദ്രങ്ങൾ കേന്ദ്രീകരിച്ചുള്ള ടൂറിസം സർക്യൂട്ട് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പ്രധാന തീർത്ഥാടന കേന്ദ്രങ്ങളായ ശ്രീ പത്മനാഭ സ്വാമിക്ഷേത്രം, ഗുരുവായൂർ, ശബരിമല, ആറന്മുള എന്നിവ ഉൾപ്പെടുന്ന കേന്ദ്രങ്ങൾ ഇപ്രകാരം വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇത്തരം കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും സന്ദർശകർക്കുവേണ്ട സൗകര്യങ്ങൾ നിർമ്മിക്കുവാനുമാണ് പദ്ധതികൾ കൊണ്ട് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. പി.ടി. തോമസ്</u>: സർ, ടൂറിസ്റ്റുകൾ നമ്മുടെ സംസ്ഥാനത്തേക്ക് വരുന്നതിന്റെ കണക്ക് ഇവിടെ പറഞ്ഞപ്പോൾ ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം ധാരാളമായി വർദ്ധിച്ചുവരുന്ന കാര്യമാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചത്. ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം കൂടുതൽ വർദ്ധിപ്പിക്കുന്നതിനായി കേരളാ ഹൗസ് മോഡലിൽ ഡൽഹിയിലുള്ളതുപോലെ മറ്റെല്ലാ സംസ്ഥാനങ്ങളുടെയും കേന്ദ്രമെന്ന തരത്തിൽ കേരളത്തിൽ ഒരു കേന്ദ്രം സ്ഥാപിക്കുന്നത് ഉചിതമായിരിക്കും, എറണാകുളത്താണെങ്കിൽ നല്ലത്. പത്തോ മുപ്പതോ ഏക്കർ സ്ഥലം ഏറ്റെടുത്ത് എല്ലാ സംസ്ഥാനങ്ങൾക്കും സൗജന്യമായി ഒരേക്കറോ അരയേക്കറോ സ്ഥലം കൊടുത്ത് അവരുടെ ഒരു ഹൗസ് 'ഭാരത് ഭവൻ' എന്നോ മറ്റോ പേരിട്ട് ദേശീയോദ്ഗ്രഥത്തിന് ഉപയോഗപ്പെടുത്തുന്ന തരത്തിൽ ഒരു കേന്ദ്രം കൊടുക്കുകയാണെങ്കിൽ വാർഷിക ലീവ് എടുത്ത് യാത്ര ചെയ്യുന്ന സംസ്ഥാനജീവനക്കാരടക്കം ആയിരത്തിലധികം ടൂറിസ്റ്റുകളെ നമുക്ക് ആകർഷിക്കാൻ കഴിയും. അതോടൊപ്പം തന്നെ ഇന്ത്യയിലെ എല്ലാ

സംസ്ഥാനങ്ങളുടെയും ഒരു പ്രധാന കേന്ദ്രമായി നമ്മുടെ സംസ്ഥാനത്ത് ഒരു കേന്ദ്രം ഉണ്ടാക്കാനും കഴിയും. ഇങ്ങനെയൊരു കാര്യം ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ആലോചിക്കാൻ കഴിയുമോ; ഇങ്ങനെയൊരു കാര്യം പരിഗണിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ആഭ്യന്തര ടൂറിസ്റ്റുകളുടെ വരവിൽ കഴിഞ്ഞ കുറച്ചുകാലങ്ങളായി വർദ്ധനവ് ഉണ്ടാകുന്നുണ്ട്. അത് പുതിയ ഡെസ്റ്റിനേഷന്റെയും ഉല്പന്നങ്ങളുടെയും വിപുലീകരണത്തിന്റെ ഭാഗമായും അതിനാവശ്യമായ മാർക്കറ്റിംഗ് തന്ത്രത്തിന്റെയും ഭാഗമായിട്ടാണ് എത്തുന്നത്. തീർച്ചയായും അത്തരത്തിൽ വരുന്ന ആളുകൾക്ക് ഇങ്ങനെയൊരു കേന്ദ്രം തുടങ്ങേണ്ട കാര്യം ഇപ്പോൾ ആലോചനയില്ല. മറ്റ് ചില സംസ്ഥാനങ്ങളിൽ ഇത്തരം സംരംഭങ്ങളുണ്ട് എന്നാണ് മനസ്സിലാക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്. അതിനുശേഷം മാത്രമേ പറയാൻ കഴിയൂ.

ശ്രീ. പി.ടി. തോമസ്: സർ, എന്റെ രണ്ടാമത്തെ ചോദ്യത്തിലേക്ക് കടക്കുന്നതിന് മുമ്പ് ഞാൻ ഇവിടെ പറഞ്ഞ ചോദ്യത്തിൽ നമ്മൾ സ്ഥലം കൊടുത്താൽ കെട്ടിടം അവരുടേതായ ഭാവനയിൽ നിർമ്മിച്ചുകൊള്ളും. അത് അവർക്ക് വലിയ ഒരു സൗകര്യമാകും. നമ്മൾ കെട്ടിടം നിർമ്മിച്ചുകൊടുക്കേണ്ട. അങ്ങനെ അവർക്ക് കൊടുക്കാൻ കഴിയുമോ എന്നാണ് ചോദിച്ചത്. എന്റെ

രണ്ടാമത്തെ ചോദ്യം. കായൽ ടൂറിസത്തെക്കുറിച്ച് ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇടപ്പള്ളിത്തോടിൽ അതിപുരാതനമായ ചരക്കുഗതാഗതം അടക്കമുള്ള വലിയ ഒരു സൗകര്യമുണ്ടായിരുന്നു. പെരിയാറിലെ മുട്ടാറിൽ നിന്നാരംഭിച്ച് എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിലൂടെ ചമ്പക്കര കനാലിൽ എത്തിച്ചേരുന്ന മനോഹരമായ ഒരു യാത്രാസൗകര്യം പണ്ട് ഉണ്ടായിരുന്നതായി കേട്ടിട്ടുണ്ട്. അത് വികസിപ്പിക്കുന്നതിനായി ഞങ്ങൾ ഒരു ആലോചന നടത്തുകയും ഇടപ്പള്ളിത്തോട്ടിലൂടെ ഒരു വഞ്ചിയാത്ര നടത്തുന്നതിനെ സംബന്ധിച്ച് തീയതി തീരുമാനിച്ച് വച്ചിരിക്കുകയുമാണ്. ഇടപ്പള്ളിത്തോട് വികസിപ്പിക്കുന്നതിന് പ്രത്യേക പരിഗണന നൽകാൻ തയ്യാറാകുമോ; അത്തരത്തിലുള്ള ചെറിയ യാത്രാസൗകര്യങ്ങൾ പ്രത്യേകിച്ച് കായൽ ടൂറിസവുമായി ബന്ധപ്പെട്ടുള്ള സൗകര്യങ്ങൾ വികസിപ്പിക്കാൻ പ്രത്യേക പദ്ധതികൾക്ക് രൂപം കൊടുക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, അങ്ങയുടെ ആദ്യത്തെ ചോദ്യത്തിന് ഞാൻ അക്കാര്യം പരിശോധിക്കുന്നതാണ്, അത് പുതിയൊരു ആശയമാണ് എന്നാണ് പറഞ്ഞത്. രണ്ടാമത് അങ്ങ് പറഞ്ഞ നിർദ്ദേശത്തിന്റെ വിശദാംശങ്ങൾ ടൂറിസം വകുപ്പിന് ലഭിക്കുകയാണെങ്കിൽ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

ശ്രീ. എ. പി. അനിൽകുമാർ: സർ, ടൂറിസം വികസന രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട കാര്യം അടിസ്ഥാന സൗകര്യ വികസനമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കുറെയധികം ഫണ്ട് അതിനുവേണ്ടി നീക്കിവച്ചു. പുതിയ ബഡ്ജറ്റിൽ കിഫ്ബി ഉൾപ്പെടെ 750 കോടിരൂപ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി നീക്കി വച്ചുവെന്നുള്ളത് വളരെ നല്ലരീതിയിൽ വിനിയോഗിക്കാൻ കഴിഞ്ഞാൽ അത് ടൂറിസം രംഗത്ത് വലിയ സാദ്ധ്യത ഉണ്ടാക്കുന്ന ഒന്നാണ്. അത്തരം ഒരു തീരുമാനത്തെ ഞാൻ അഭിനന്ദിക്കുകയാണ്. അതുമായി ബന്ധപ്പെട്ട് എന്റെ ചോദ്യം എന്നുപറയുന്നത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിശ്വപ്രസിദ്ധനായ സംഗീതജ്ഞൻ ഉസ്താദ് അംജദ് അലിഖാന് ഒരു സംഗീത വിദ്യാലയം കേരളത്തിൽ ആരംഭിക്കുന്നതിന് രണ്ടേക്കർ സ്ഥലം വേണമെന്ന് അന്നത്തെ മുഖ്യമന്ത്രിയെ നേരിൽക്കണ്ട് അദ്ദേഹം അഭ്യർത്ഥിക്കുകയും മുഖ്യമന്ത്രിയും അന്നത്തെ സാംസ്കാരിക വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫും വളരെ അനുകൂലമായ തീരുമാനമെടുത്തതിന്റെയും അടിസ്ഥാനത്തിലാണ് രണ്ടേക്കർ സ്ഥലം കണ്ടെത്തിയത്. നമ്മുടെ സംസ്ഥാനത്ത് ടൂറിസം വകുപ്പിനുകീഴിലുള്ള വേളിയിലുള്ള രണ്ടേക്കർ സ്ഥലം അദ്ദേഹത്തിന് അനുയോജ്യമായി തോന്നി അദ്ദേഹം തന്നെയാണ് നിർദ്ദേശിച്ചത്. ആ സ്ഥലം ആവശ്യപ്പെട്ടുകഴിഞ്ഞപ്പോൾ

ടൂറിസം വകുപ്പ് അതിനകത്ത് യാതൊരു രീതിയിലുള്ള പിടിവാശിയും കാണിക്കാതെ വിട്ടുകൊടുക്കുകയാണ് ചെയ്തത്. കാരണം അദ്ദേഹത്തെപ്പോലുള്ള സംഗീതജ്ഞൻ നമ്മുടെ നാട്ടിൽ സംഗീത വിദ്യാലയം തുടങ്ങുന്നുവെന്ന് പറയുന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം അഭിമാനിക്കാവുന്ന കാര്യമാണ്. അതിന്റെ നടപടിക്രമങ്ങളും പൂർത്തീകരിച്ചു. അദ്ദേഹത്തിന്റെ ട്രസ്റ്റിന് ഭൂമി കൈമാറി. പുതിയ ഗവൺമെന്റ് വന്നു. അദ്ദേഹം പുതിയ മുഖ്യമന്ത്രി ഡൽഹിയിൽ ചെന്ന് കണ്ടു. ഞാൻ പത്രവാർത്തയിലൂടെ മനസ്സിലാക്കിയത് മുഖ്യമന്ത്രി അദ്ദേഹത്തോട് എല്ലാ രീതിയിലുമുള്ള പിന്തുണ വാഗ്ദാനം ചെയ്തതായി വാർത്തകളിൽ വായിച്ചു. പക്ഷേ നിർഭാഗം എന്നുപറയട്ടെ, അദ്ദേഹത്തിന് നൽകിയ രണ്ടേക്കർ സ്ഥലം ടൂറിസം വകുപ്പ് തിരിച്ചുപിടിച്ചു എന്നുള്ള വാർത്തയാണ് പത്രങ്ങളിൽ കാണാൻ കഴിഞ്ഞത്. ആ വാർത്ത അടിസ്ഥാനരഹിതമാണോ; അതുമല്ല അതിനകത്ത് ഗവൺമെന്റ് എടുക്കാൻ പോകുന്ന നടപടിക്രമങ്ങൾ എന്താണ് എന്നുള്ളത് അങ്ങേയ്ക്ക് വിശദീകരിക്കാൻ കഴിയുമോ; ടൂറിസം വകുപ്പ് ആ സ്ഥലം തിരിച്ചുപിടിക്കുകയാണെങ്കിൽ അദ്ദേഹത്തെപ്പോലുള്ള ഒരു സംഗീതജ്ഞനോട് ചെയ്യുന്ന തെറ്റായിരിക്കും എന്നുള്ളത് ഓർമ്മിപ്പിക്കാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്.

ശ്രീ. എ. സി. മൊയ്തീൻ: സർ, വിശ്വപ്രസിദ്ധനായ സരോദ് വിദഗ്ദ്ധൻ ഉസ്താദ് അംജദ് അലിഖാന്റെ സേവനങ്ങളെ ഗവൺമെന്റ് ഏറ്റവും ബഹുമാനത്തോടുകൂടിയാണ് കാണുന്നത്. അദ്ദേഹത്തിന്റെ കാർമ്മികത്വത്തിൽ ഒരു സംഗീത വിദ്യാലയം ഇവിടെ വരുന്നതിന് ഗവൺമെന്റ് എതിരല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു ഗവൺമെന്റ് ഉത്തരവുണ്ടായിട്ടുണ്ട്. ഭൂമി അദ്ദേഹത്തിന് കൈമാറിയിട്ടില്ല. ആ ഉത്തരവ് 18-02-2016 തീയതിലാണ്. നേരത്തേ ഇവിടെ സൂചിപ്പിച്ച വേളിയിലെ രണ്ടേക്കർ ഭൂമിയാണ് അതിനുവേണ്ടി കണ്ടെത്തി സർക്കാർ തീരുമാനിച്ചത്. ആ ഭൂമിയുടെ കൈമാറ്റം ഇതുവരെ നടന്നുകഴിഞ്ഞിട്ടില്ല. ഉസ്താദ് അംജദ് അലിഖാന്റെ ട്രസ്റ്റിൽ അദ്ദേഹവും കുടുംബാംഗങ്ങളും.....അംജദ് അലിഖാൻ, അമൻ അലിഖാൻ, അയാൻ അലിഖാൻ, സുബ്ബലക്ഷ്മി ഖാൻ, ഷെയ്ഖ് പരീത് ഐ.എ.സ്., സൂര്യ കൃഷ്ണമൂർത്തി, പി.വി. കൃഷ്ണൻനായർ എന്നിവരാണുള്ളത്. അതിൽ ഷെയ്ഖ് പരീത് ഈ ചാരിറ്റബിൾ ട്രസ്റ്റിൽ വന്നിട്ടുള്ളത് ടൂറിസം ഡയറക്ടറായിരിക്കെ ഡെസിഗ്നേഷൻ ഉപയോഗിച്ചൊന്നുമല്ല. വ്യക്തിപരമായ ചാരിറ്റബിൾ ട്രസ്റ്റ് എന്നാണ് കാണുന്നത്. എന്തായാലും ഇത്തരം ഒരു സംഗീത വിദ്യാലയം വരുന്നതിന് ഗവൺമെന്റ് എതിരല്ല. അംജദ് അലിഖാന്റെ സേവനം കേരളത്തിന് പ്രയോജനപ്പെടുത്തണം

എന്നുതന്നെയാണ് കാണുന്നത്. തിരുവനന്തപുരത്തെ വേളി ടൂറിസം വില്ലേജ് ഏറ്റവും കൂടുതൽ ആളുകളെ ആകർഷിക്കുന്ന പ്രദേശങ്ങളിൽ ഒന്നാണ്. ഒരുപാട് വികസന പ്രവർത്തനങ്ങൾ അവിടെ നടന്നിട്ടുണ്ട്. നാലേക്കർ സ്ഥലമാണ് ഉപയോഗിക്കാൻ കഴിയുന്നത്. ബാക്കി വെറ്റ്ലാന്റാണ്. അതിന്റെ പരിമിതികളുണ്ട്. അങ്ങനെയാണെങ്കിലും ഗവൺമെന്റ് അംജദ് അലിഖാന്റെ സ്കൂൾ വേണ്ടാ എന്നുള്ള നിലപാട് സ്വീകരിച്ചിട്ടില്ല. അത്തരം ഒരു വാർത്ത മാധ്യമങ്ങളിൽ വരികയുണ്ടായി എന്നുള്ളത് വസ്തുതയാണ്. ആ സേവനം പ്രയോജനപ്പെടുത്തണം എന്നുതന്നെയാണ് ഗവൺമെന്റ് കാണുന്നത്. ഇത്തരം ഭൂമി ഇടപാടുകളുമായി ബന്ധപ്പെട്ട കാര്യങ്ങളിലുള്ള പരിശോധന മന്ത്രിസഭയുടെ ഒരു ഉപസമിതി പരിശോധിക്കുന്നുണ്ട്. ഈ ആവശ്യത്തിനുവേണ്ടി തന്നെയാണോ ഇത് പ്രയോജനപ്പെടുത്തുന്നത് എന്നുള്ള കാര്യത്തിലും വ്യക്തത ഉണ്ടാകണമെന്നും ഗവൺമെന്റ് ആഗ്രഹിക്കുന്നു.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, ഇതിനുവേണ്ടി അദ്ദേഹം ഗവൺമെന്റിനെ സമീപിച്ചതല്ല. അദ്ദേഹത്തോട് ഇങ്ങനെയൊരു ആവശ്യം വച്ചു. അദ്ദേഹം അത് സമ്മതിച്ചതിന്റെ അടിസ്ഥാനത്തിൽ എടുത്ത നടപടികളാണ്. മുഖ്യമന്ത്രിയെ അദ്ദേഹം വന്നുകണ്ടപ്പോൾ വളരെ നല്ല നിലയിൽ സംസാരിച്ചു എല്ലാ സഹായവും വാഗ്ദാനം ചെയ്തു. പക്ഷേ അദ്ദേഹത്തിന് ഇവിടത്തെ ചില ഉദ്യോഗസ്ഥരിൽ നിന്നും

ലഭിച്ചിട്ടുള്ള ചില അനുഭവങ്ങൾ വളരെ മോശപ്പെട്ട രീതിയിലായിരുന്നു. അദ്ദേഹം വളരെ വേദനയോടുകൂടി എന്നോട് സംസാരിച്ചു. മുഖ്യമന്ത്രിയുമായിട്ടുള്ള സംഭാഷണത്തിൽ അദ്ദേഹം പൂർണ്ണ സംതൃപ്തനുമാണ്. ഇപ്പോൾ ഉള്ള അനിശ്ചിതാവസ്ഥ മാറ്റി ഭൂമി കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അവസാനം പറഞ്ഞ രണ്ടുപേരുകൾ അവരുടെ ഔദ്യോഗിക സ്ഥാനങ്ങളാണ്. അന്നത്തെ ധാരണ അതാണ്. ടൂറിസം ഡയറക്ടറും സംഗീത നാടക അക്കാഡമിയുടെ ചെയർമാൻ എന്നിവർ ഔദ്യോഗിക സ്ഥാനങ്ങളുള്ളവരാണ്. വ്യക്തിപരമല്ല. ആ പേരുകൾ തന്നെ തുടരും. ആരാണോ ടൂറിസം ഡയറക്ടറായും സംഗീത നാടക അക്കാഡമിയുടെ ചെയർമാനായും വരുന്നത് അവർ തന്നെ തുടരും. ആ വ്യവസ്ഥയിൽ അദ്ദേഹത്തിന് സ്ഥലം കൊടുക്കുന്നതിന് ഒരു തീരുമാനം എടുക്കണം. മുഖ്യമന്ത്രി അക്കാര്യത്തിൽ എടുത്ത നല്ല സമീപനം തുടരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഇക്കാര്യത്തിൽ നമുക്കെല്ലാവർക്കും ഒരേ വികാരമാണ്. അതിനകത്ത് യാതൊരു വ്യത്യസ്തതയുമില്ല. ബഹുമാന്യനായ അംജദ് അലിഖാനെപ്പോലുള്ള ഒരു പ്രതിഭ കേരളത്തിൽ ഇത്തരം ഒരു സ്ഥാപനം തുടങ്ങുക എന്നത് കേരളത്തിന്റെ യശസ്സാണ് ഉയർത്തുക.

അതിനാവശ്യമായ എല്ലാ സൗകര്യങ്ങളും സഹായവും ഗവൺമെന്റിൽ നിന്നുണ്ടാകും. ഇടയ്ക്ക് ഇങ്ങനെയൊരു വാർത്ത ഉണ്ടായി എന്നുള്ളത് ശരിയാണ്. അപ്പോൾത്തന്നെ അത് വിശദമാക്കാൻ ഞാൻ ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിന് ഒരു അസൗകര്യവും ഇല്ലാത്ത രീതിയിൽ സ്ഥാപനം തുടങ്ങാനുള്ള സൗകര്യം ഉണ്ടാക്കുക എന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം.

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ഇവിടെ ഗവൺമെന്റ് തീരുമാനിച്ച് ഉത്തരവ് ഇറങ്ങിയ ശേഷം, മുഖ്യമന്ത്രി ഡൽഹിയിൽ വച്ച് ഇക്കാര്യത്തിൽ ഉറപ്പുകൊടുത്തതിനുശേഷം അത് മനസ്സിലാക്കാതെ ചില ഉദ്യോഗസ്ഥന്മാരാണ് ഇത് അട്ടിമറിക്കാൻ ശ്രമിക്കുന്നത്. മുഖ്യമന്ത്രിയെ ശ്രീ. അംജദ് അലി ഖാൻ കണ്ടു, സംസാരിച്ചു, അനുകൂലമായ മറുപടി പറഞ്ഞതായും എല്ലാ പേപ്പറിലും വാർത്ത ഉണ്ടായിരുന്നു. അതിനുശേഷം ടൂറിസം ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥന്മാർ ചേർന്ന് ഈ അലോട്ട്മെന്റ് ക്യാൻസൽ ചെയ്യാൻ തീരുമാനിച്ചു. മുഖ്യമന്ത്രിയെക്കാളും വലിയ ഉദ്യോഗസ്ഥന്മാർ ഡിപ്പാർട്ടുമെന്റിൽ ഉണ്ടാകാൻ പാടില്ലല്ലോ; ദയവായി ഇനിയും നീട്ടിക്കൊണ്ടുപോകരുത്. ഞങ്ങൾ പല സ്ഥലങ്ങളും നോക്കി. എറണാകുളത്ത് സ്ഥലം നോക്കി, കിട്ടിയില്ല. അവസാനം കിട്ടിയ സ്ഥലമാണ് വേളിയിലേത്. സാങ്കേതികമായ കാരണം പറഞ്ഞ്

നീട്ടിക്കൊണ്ടുപോകാതെ ഇവിടെ വായിച്ച മുൻ ഗവൺമെന്റിന്റെ ഉത്തരവ് ഇംപ്ലിമെന്റ് ചെയ്യാനും..... ആവശ്യമെങ്കിൽ ടൂറിസം ഡയറക്ടർ, സംഗീത നാടക അക്കാദമി ചെയർമാൻ, സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ഗവൺമെന്റ് പങ്കാളിത്തത്തോടെ ഒരു സംശയവും ഉണ്ടാകാത്ത വിധത്തിൽ വ്യക്തതയോടെ ആ ഉത്തരവ് നടപ്പിലാക്കുമോ;

<u>ശ്രീ. എ. സി. മൊയ്തീൻ:</u> സർ, മുഖ്യമന്ത്രി ആ കാര്യത്തെക്കുറിച്ചുള്ള ഗവൺമെന്റ് നിലപാട് ഇപ്പോൾ അസന്നിദ്ധമായി സഭയിൽ പ്രഖ്യാപിച്ചല്ലോ; ആ നിലപാടാണ് സർക്കാരിന്. സർക്കാരിന്റെ നിലപാടാണ് ഇവിടെ നടപ്പാകുക. ആ സമീപനത്തിൽ വ്യക്തതക്കുറവുണ്ടാകേണ്ട കാര്യമില്ല. ശ്രീ. കൃഷ്ണൻ നായരും ശ്രീ. ഷെയ്ക്ക് പരീതുമെല്ലാം അവരുടെ ഔദ്യോഗിക സ്ഥാനങ്ങളുടെ ഭാഗമായാണ് ഇതിൽ വന്നതെന്നാണ് നേരത്തെ ബഹുമാന്യനായ മുൻ മുഖ്യമന്ത്രി പറഞ്ഞത്. ഞാൻ ആ കാര്യത്തിൽ ഒരു സംശയമാണ് പ്രകടിപ്പിച്ചത്, ഇത് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് അവരുടെ സ്ഥാപനം രജിസ്റ്റർ ചെയ്തതിന്റെ കോപ്പിയാണ് (കോപ്പി ഉയർത്തിക്കാണിച്ചു). ഇതിൽ ഈ സ്ഥാനങ്ങളൊന്നും പറഞ്ഞിട്ടില്ല. രണ്ട്, ശ്രീ. സൂര്യകൃഷ്ണമൂർത്തിയുടെ റസിഡൻസിന്റെ വിലാസത്തിലാണ് ഈ ചാരിറ്റബിൾ സൊസൈറ്റി രജിസ്റ്റർ ചെയ്തതെന്ന വസ്തുത

കൂടി അങ്ങ് മനസ്സിലാക്കിയിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. തീർച്ചയായും ശ്രീ. അംജദ് അലി ഖാനെപ്പോലെയുള്ള ഒരു ബഹുമാനപ്പെട്ട പ്രതിഭയുടെ സേവനം കേരളത്തിന് പ്രയോജനപ്പെടുത്തണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ താൽപര്യം.

ശ്രീ. വി. ജോയി: സർ, അങ്ങ് പറഞ്ഞപ്പോൾ വിദേശ ടൂറിസ്റ്റുകളുടെ എണ്ണം 9,77,499 ആണെന്ന് പറഞ്ഞു. എന്നാൽ ഈ അടുത്ത കാലത്തായി മാധ്യമങ്ങളിൽ വരുന്ന വാർത്ത, നമ്മുടെ കേരളത്തിലേയ്ക്ക് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം കുറഞ്ഞുവരുന്നതായാണ്. അത് അങ്ങേയ്ക്ക് മനസ്സിലായിട്ടുണ്ടോ; ആ വാർത്ത ശരിയാണോ; അങ്ങനെയുണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് പറയാമോ;

ശ്രീ. എ. സി. മൊയ്തീൻ: സർ, വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കുറവില്ല. പക്ഷെ കഴിഞ്ഞ കാലത്ത്, പ്രത്യേകിച്ച് 2011-നും അതിനുമുമ്പുമുള്ള വളർച്ചാ നിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ വളർച്ചാ നിരക്കിൽ കുറവ് വന്നിട്ടുണ്ട്. 6 ശതമാനത്തിന് അടുത്തായാണ് ഇപ്പോൾ വളർച്ചാ നിരക്കുള്ളത്. അത് ഒരു തളർച്ചയുടെ ലക്ഷണമായാണ് നമ്മൾ കാണുന്നത്. അതിന് പല ഘടകങ്ങളുണ്ട്. ഒന്ന്, പുതിയ ഉത്പന്നങ്ങൾ നമുക്ക് നൽകാൻ കഴിയാത്തത്. അതുപോലെതന്നെ കണക്ടിവിറ്റിയുടെ പ്രശ്നങ്ങൾ ഉൾപ്പടെയുള്ള നിരവധി പ്രശ്നങ്ങളുണ്ട്. ആ

പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വേണ്ടിയുള്ള പരിശ്രമമാണ് ഇപ്പോൾ ഗവൺമെന്റ് സ്വീകരിക്കുന്നത്. പുതിയ ഉത്പന്നങ്ങൾ ഉണ്ടാക്കൽ, അതിന്റെ മാർക്കറ്റിംഗ് രംഗത്തുള്ള ഇടപെടൽ ശക്തിപ്പെടുത്തൽ അതോടൊപ്പം കണക്റ്റിവിറ്റിയുടെ പ്രശ്നത്തിലുള്ള പ്രയാസങ്ങൾ പരിഹരിക്കൽ, പ്രത്യേകിച്ച് മലബാർ മേഖലയിൽ കണ്ണൂർ വിമാനത്താവളം വരുന്നതോടുകൂടി കണക്റ്റിവിറ്റിയുടെ പുതിയ ഒരു അവസരം കൂടി നമുക്ക് തുറന്നുകിട്ടുകയാണ്. അത്തരം സൗകര്യങ്ങളൊക്കെ പ്രയോജനപ്പെടുത്തി വിദേശ മാർക്കറ്റുകളിലുള്ള മാർക്കറ്റിംഗ് തന്ത്രം കൂടുതൽ വിപുലീകരിച്ച് വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേയ്ക്ക് ആകർഷിക്കാൻ കഴിയും. അതിനുള്ള പരിപാടികൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. എസ്. രാജേന്ദ്രൻ:</u> സർ, മൂന്നാർ തെക്കൻ കാശ്മീർ എന്നാണ് അറിയപ്പെടുന്നത്. ചരിത്രപരമായി മീനച്ചിലാർ വരെ അതിന്റെ അതിർത്തിയുണ്ട്. ആനവിലാസം വരെ ഉണ്ടെന്നാണ് ഇപ്പോൾ ചില രേഖകൾ പറയുന്നത്. ഈ തെക്കൻ കാശ്മീരിനെ തകർക്കാൻ കേരള സംസ്ഥാനത്തെ ചില വകുപ്പുകളെ ഉപയോഗിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന് പുറത്തിരുന്ന് ചില ശക്തികൾ ഇടപെടുന്നതും ഇപ്പോൾ അവിടെ കാർഷികവും മറ്റ് ഇതര വരുമാനങ്ങളും കുറഞ്ഞ സാഹചര്യത്തിൽ ജനജീവിതം

നിലനിർത്തുന്നതിനുവേണ്ടി മറ്റ് ഇതര വകുപ്പുകളെ ഏകോപിപ്പിച്ച് ടൂറിസം മേഖലയിൽ പ്രത്യേകമായ പദ്ധതി തയ്യാറാക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമോ; നടപടി സ്വീകരിക്കുമോ;

ശ്രീ. എ. സി. മൊയ്തീൻ: സർ, ഇടുക്കി ജില്ല ധാരാളം ടൂറിസ്റ്റുകൾ എത്തിപ്പെടുന്ന ഒരു മേഖലയാണ്. അതിന്റെ സാദ്ധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനുവേണ്ടിയുള്ള പുതിയ പദ്ധതികൾ ആവിഷ്കരിച്ചു വരികയാണ്. കിഫ്ബിയിൽതന്നെ ചില പുതിയ പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതിയായ വാഗമൺ, ഗവി എന്നിവയുടെ പ്രവർത്തനങ്ങളെല്ലാം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. കൂടുതൽ അടിസ്ഥാന സൗകര്യ മേഖലയിൽ നിക്ഷേപം നടത്താനുള്ള പുതിയ പദ്ധതികൾ, ഇടുക്കിയിൽതന്നെ പുതിയ എയർ സ്ട്രിപ്പിന്റെ സൗകര്യം ഉൾപ്പെടെയുള്ളവ ആലോചിച്ചുകഴിഞ്ഞിട്ടുള്ള കാര്യങ്ങളാണ്. അത്തരം വിഷയങ്ങൾകൂടി വരുന്നതോടുകൂടി കുറെക്കൂടി മെച്ചപ്പെട്ട യാത്രാ സൗകര്യങ്ങളും മറ്റ് പശ്ചാത്തല സൗകര്യങ്ങളും...... ഇപ്പോൾ അവിടെ അനുഭവപ്പെടുന്നത്, ടൂറിസം വകുപ്പിന് മറ്റ് ഭൂമിയില്ല എന്നുള്ളത് പാർക്കിംഗ് മേഖലയിൽ മൂന്നാർ പോലുള്ള സ്ഥലങ്ങളിൽ വലിയ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. നേരത്തെ ഇവിടെ വച്ച നിർദ്ദേശത്തിന്റെ ഭാഗമായി ബന്ധപ്പെട്ട വകുപ്പുകളുമായി.....

തേക്കടിയിൽ കെ.ടി.ഡി.സി.-യുടെ ബോട്ട് ഇറക്കുന്നതുമായി ബന്ധപ്പെട്ട് ചില തർക്കങ്ങൾ വനം വകുപ്പുമായി ഉണ്ട്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയുമൊക്കെയായി സംസാരിച്ച് മറ്റ് വകുപ്പുകളുമായി ആലോചന നടത്തി ഈ പ്രശ്നത്തിന് പരിഹാരം കാണണം. അതിനുള്ള തയ്യാറെടുപ്പുകൾ ഗവൺമെന്റ് തുടങ്ങിക്കഴിഞ്ഞു.

ശ്രീ. എ. എൻ. ഷംസീർ: സർ, ബ്രിട്ടീഷ് കാലത്തുതന്നെ വളരെ പ്രധാനപ്പെട്ട ഒരു പട്ടണമാണ് തലശ്ശേരി. അതുകൊണ്ടുതന്നെയാണ് 2010-ൽ തലശ്ശേരി പൈതൃക നഗരമായി പ്രഖ്യാപിച്ചത്. പൈതൃക ടൂറിസത്തിന്റെ ഭാഗമായി അന്ന് ഒരുപാട് പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. പിന്നീട് അത് നടക്കാതെ പോകുകയാണുണ്ടായത്. ടി.എച്ച്.പി. എന്ന പേരിൽ തലശ്ശേരി ഹെറിറ്റേജ് ടൂറിസം ഇപ്പോൾ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാനുള്ള ശ്രമങ്ങൾ നമ്മുടെ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും തുടങ്ങിയിരിക്കുന്നു. പിൽഗ്രിം ടൂറിസത്തിന് വളരെയധികം സാധ്യതയുള്ള നഗരമാണ് തലശ്ശേരി. ഓടത്തിൽപള്ളി, ശ്രീരാമസ്വാമി ക്ഷേത്രം, ഇംഗ്ലീഷ് ചർച്ച്, തലശ്ശേരിയോട് തൊട്ടുകിടക്കുന്ന സ്ഥലമായ അണ്ടല്ലൂർക്കാവ് തുടങ്ങിയവയെല്ലാം ക്ലബ്ബുചെയ്തുകൊണ്ട് പിൽഗ്രിം ടൂറിസത്തിന്റെ വലിയ സാധ്യത തലശ്ശേരിയിലുണ്ട്.

അതുപോലെ ഹെർമൻ ഗുണ്ടർട്ട് ജീവിച്ച നാടാണ് തലശ്ശേരി. ഇതൊക്കെ ക്ലബ്ബുചെയ്തുകൊണ്ട് തലശ്ശേരി ഹെറിട്ടേജ് പ്രോജക്ട് നവീകരിക്കാനുള്ള എന്തെല്ലാം പദ്ധതികൾ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചു; ബ്രിട്ടീഷ് കാലത്തെ പാണ്ടികശാലകൾ നിലനിൽക്കുന്നു. അതുപോലെ തലശ്ശേരി അറിയപ്പെടുന്നത് 3C – ക്രിക്കറ്റ്, കേക്ക്, സർക്കസ് - എന്നാണ്. ക്രിക്കറ്റിന്റെയും കേക്കിന്റെയും സർക്കസിന്റെയും നാടാണ് തലശ്ശേരി. ഇതെല്ലാം ക്ലബ്ബുചെയ്തുകൊണ്ട് പ്രഖ്യാപിക്കപ്പെട്ട ഹെറിട്ടേജ് ടൂറിസം പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; അത് സമയബന്ധിതമായി നടപ്പിലാക്കാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെല്ലാം ശ്രമങ്ങളുണ്ടാകും എന്നതാണ് ഇതുമായി ബന്ധപ്പെട്ട് ചോദിക്കാനുള്ളത്.

<u>ശ്രീ. എ. സി. മൊയ്തീൻ:</u> സർ, തലശ്ശേരി ഹെറിട്ടേജ് പ്രോജക്ടിന്റെ കുറെയേറെ വർക്കുകൾ നടന്നുകഴിഞ്ഞിട്ടുണ്ട്. പക്ഷെ, കഴിഞ്ഞ 2, 3 വർഷമായി അതിന്റെ പ്രവർത്തനങ്ങളിൽ പുറകോട്ടുപോക്ക് സംഭവിച്ചിട്ടുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട എം.എൽ.എ. ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽതന്നെ അക്കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യുകയും അദ്ദേഹം ഇവിടെ വച്ച പുതിയ നിർദ്ദേശങ്ങളുൾപ്പെടെ പരിശോധിച്ച്

ഡി.പി.ആർ. തയ്യാറാക്കാനുള്ള നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞിട്ടുണ്ട്. മലബാർ മേഖലയിൽ വളരെ വലിയ നിക്ഷേപം ഉണ്ടാകുന്നതിനുവേണ്ടിയുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. കിഫ്ബിയിൽ മലബാർ മേഖലയിലെ പ്രോജക്ടുകൾ നൽകുന്നതിന്റെ ഭാഗമായി ധർമ്മടം, മുഴപ്പിലങ്ങാട്, വയനാട്, കക്കയം, പെരുവണ്ണാമൂഴി, കാപ്പാട്, ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് ഉൾപ്പടെയുള്ള മേഖലകളുടെയും, സ്വദേശി ദർശൻ പദ്ധതിയിൽ കണ്ണൂരിനെയും കാസർഗോഡിനെയും ബന്ധപ്പെടുത്തിയുള്ള ഒരു പ്രോജക്ടിന്റെയും ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. തീർച്ചയായും നമ്മുടെ ടൂറിസം വികസന സാധ്യതയിൽ വേണ്ടത്ര പ്രയോജനപ്പെടുത്താൻ കഴിയാതിരുന്ന മലബാർ മേഖലയിലെ സാധ്യതകളെ പ്രയോജനപ്പെടുത്താനുള്ള സർക്കാർ നിക്ഷേപങ്ങൾ വേണ്ടത്ര ഉണ്ടായിട്ടില്ല. അതുൾപ്പെടെ ഈ ഗവൺമെന്റിന്റെ കാലത്ത് നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാനുള്ള പദ്ധതികളാണ് തയ്യാറായി വരുന്നത്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u> : സർ, ഉസ്താദ് അംജദ് അലിഖാന്റെ പേരിൽ ഇന്റർനാഷണൽ മ്യൂസിക് സ്കൂൾ സ്ഥാപിക്കുമെന്നുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവനയെ ഞാൻ സ്വാഗതം ചെയ്യുകയാണ്. വേളി പ്രദേശം ഉൾകൊള്ളുന്നത് എന്റെ നിയോജകമണ്ഡലത്തിലാണ്. കേന്ദ്ര സർക്കാരിന്റെ സ്വദേശ് ദർശൻ സ്കീമിൽ

ഉൾപ്പെടുത്തി ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന് 76 കോടി രൂപ അനുവദിച്ചു. അതുമായി ബന്ധപ്പെട്ട് എന്തൊക്കെ പദ്ധതികളാണ് ടൂറിസം ഡിപ്പാർട്ടുമെന്റ് ഉദ്ദേശിക്കുന്നതെന്നും അത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കുമോ; ജനപ്രതിനിധികളുമായി വിശദമായ ചർച്ചകൾ നടത്തി ആ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഇപ്പോൾ 74 കോടി രൂപയ്ക്കുടുത്താണ് ആ പദ്ധതിക്ക് സാംങ്ഷൻ കിട്ടിയിരിക്കുന്നത്. ശ്രീപത്മനാഭസ്വാമി ക്ഷേത്ര പരിസരവും അവിടെയെത്തുന്ന സന്ദർശകരുടെ സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങളാണ് ആ പ്രോജക്ടിലുള്ളത്. തീർച്ചയായും അവിടത്തെ ജനപ്രതിനിധികളുമായും ബന്ധപ്പെട്ട് പദ്ധതി നടപ്പിലാക്കുന്നതിനുമുമ്പ് അതിന്റെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, ലോക ഭൂപടത്തിൽ ടൂറിസത്തിൽ ഒന്നാം സ്ഥാനം കേരളത്തിനാണ്. ഇതിൽ വളരെയേറെ സാധ്യതയുള്ള പ്രദേശമാണ് മൺട്രോതുരുത്ത്. കൈ തോടുകൾ, ചെറിയ തോടുകൾ, ചെറുതും വലുതുമായിട്ടുള്ള നിരവധി റിസോർട്ടുകൾ, പ്രസിദ്ധമായ കല്ലട ജലോത്സവം എന്നിവയെല്ലാമുള്ള

വളരെ നല്ല പ്രദേശമാണ് മൺട്രോതുരുത്ത്. ഇതുസംബന്ധിച്ച് ഞങ്ങൾ ഒരു പ്രോജക്ട് തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. കേരളത്തിന്റെ എം.പി. ആയിരുന്ന കെ. എൻ. ബാലഗോപാൽ, അദ്ദേഹം വിദേശ രാജ്യത്ത് പോയപ്പോൾ മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്തിനെ മാത്രം അടിസ്ഥാനമാക്കിയാണ് അവിടെ സംസാരിച്ചത്. കേരളത്തിന്റെ ശ്രദ്ധ അക്കാര്യത്തിൽ പിടിച്ചുപറ്റാൻ സാധിച്ചിട്ടുണ്ട്. ബഹുമാന്യയായ ഫിഷറീസ് വകുപ്പുമന്ത്രി ശ്രീമതി മേഴ്സിക്കുട്ടി അമ്മയുടെ ജന്മഗ്രാമമാണ് മൺട്രോതുരുത്ത്. കേരളത്തിലെ ഏറ്റവും രുചിയുള്ള കരിമീൻ അഷ്ടമുടി കായലിൽ നിന്നാണ് ലഭിക്കുന്നത്. അഷ്ടമുടി കായലിനോട് ചേർന്നുകിടക്കുന്ന മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്തിനെ ടൂറിസം വില്ലേജായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, കേരളം വളരെ മനോഹരമായ പ്രദേശമാണ്. നമ്മൾ ഒന്നാം സ്ഥാനത്തെത്തിയിട്ടുണ്ടോ എന്നുള്ളത് പരിശോധിക്കാം. ടൂറിസ്റ്റുകളെ സംബന്ധിച്ചിടത്തോളം വളരെ ആകർഷകമായ കേന്ദ്രങ്ങളിൽ ഒന്നാണ് കേരളം. ശ്രീ. കോവൂർ കുഞ്ഞുമോന്റെ പ്രദേശം ഏറ്റവും മനോഹരമാണ്. മൺറോതുരുത്ത് എന്ന പ്രദേശവും പരിസരത്തുള്ള സൗഭാഗ്യങ്ങളും അഷ്ടമുടിക്കായലിന്റെ തീരത്തുള്ള സൗകര്യങ്ങളേയും കുറിച്ചൊക്കെ അദ്ദേഹം പറഞ്ഞത് വളരെ വസ്തുതയാണ്.

അദ്ദേഹംതന്നെ മുൻകൈ എടുത്ത് ഒരു പ്രോജക്ട് തയ്യാറാക്കി തന്നിട്ടുണ്ട്. അത് ടൂറിസം വകുപ്പ് പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. എം. ഷാജി : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ പറഞ്ഞതുപോലെ കണ്ണൂരിലെ കൈത്തറിയെ ലോകശ്രദ്ധയിൽ കൊണ്ടുവരാൻ സാധിക്കുന്നൊരു പദ്ധതിയാണ് 'കൈത്തറി വില്ലേജ്'. അതിനായി 5 കോടിയോളം രൂപ മുടക്കിയിരുന്നു. തൊട്ടടുത്തായി ഒരു മ്യൂസിയവുംകൂടി ആ പ്രോജക്ടിലുണ്ടായിരുന്നുവെങ്കിലും ഭൂമി ഏറ്റെടുത്തു നൽകിയാൽ മാത്രമേ അത് പൂർത്തിയാവുകയുള്ളൂ. ഇക്കാര്യത്തിൽ അങ്ങ് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, തീർച്ചയായും. കണ്ണൂരിലെ കൈത്തറിയെ ഏറ്റവും ആകർഷകമാക്കി ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയുന്നൊരു സംരംഭം തുടങ്ങാൻ നമുക്ക് കഴിയും. ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് പോലുള്ളവ ഇപ്പോൾ വളരെ മാതൃകാപരമായി പ്രവർത്തിക്കുന്നുണ്ട്. തീർച്ചയായും കണ്ണൂരിലെ കൈത്തറിയുമായി ബന്ധപ്പെട്ട പൈതൃകഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അതിനാവശ്യമായ പദ്ധതികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകും.

ശ്രീ. ജെയിംസ് മാത്യു: സർ, ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് ടൂറിസ്റ്റുകളെ

ആകർഷിക്കുന്നതിന് മുഖ്യ പങ്ക് വഹിക്കുന്നതിൽ ആ പ്രദേശത്തിന്റെ വൃത്തി വളരെ മുൻപന്തിയിൽ പരിഗണിക്കപ്പെടേണ്ട കാര്യമാണ്. അടുത്ത കാലത്ത് ഇൻഡ്യയിൽ ഏറ്റവും വൃത്തിയുള്ള ജില്ലയായി സിന്ധുദുർഗ് ജില്ലയെ പ്രഖ്യാപിക്കുകയുണ്ടായി. ഏതാണ്ട് 10 വർഷക്കാലത്തെ നിരന്തരമായ ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഒരു ജില്ല ഇൻഡ്യയിൽ ഏറ്റവും വൃത്തിയുള്ള ജില്ലയായി പ്രഖ്യാപിക്കപ്പെട്ടത്. ആ പ്രഖ്യാപനത്തെ കുറിച്ച് വന്ന വാർത്തയുടെ അനുബന്ധമായി ശ്രദ്ധേയമായ കാര്യം, ഈ കാലയളവിനിടയിൽ അത്രയൊന്നും പ്രാധാന്യമുണ്ടാവാതിരുന്ന ആ ജില്ലയിൽ ടൂറിസ്റ്റുകളുടെ വരവ് പതിൻമടങ്ങായി വർദ്ധിച്ചു. സിന്ധുദുർഗിനേക്കാൾ പ്രകൃതി രമണീയമായ ഭൂപ്രദേശമുള്ള നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇവിടെ വൃത്തിയുടെ കാര്യംകൂടി പരിപാലിക്കാൻ സാധിച്ചാൽ വളരെ നന്നായിരിക്കും. സർക്കാർ ഇപ്പോൾ മാലിന്യ വിമുക്ത കേരളം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തീർച്ചയായും ടൂറിസം വകുപ്പുകൂടി മുൻകൈ എടുത്ത് ടൂറിസ്റ്റ് കേന്ദ്രങ്ങളെ പൂർണ്ണമായി മാലിന്യ വിമുക്തമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുന്നതിന് ശ്രദ്ധ പതിപ്പിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, വളരെ ഗൗരവപ്പെട്ട, ടൂറിസം മേഖല നേരിടുന്നൊരു പ്രശ്നത്തിനെ കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്.

ഗവൺമെന്റ് ഇപ്പോൾ ആവിഷ്കരിച്ചിട്ടുള്ള മാലിന്യ നിർമ്മാർജ്ജനത്തിനുവേണ്ടിയുള്ള മിഷന്റെ പ്രവർത്തനം കേരളത്തിന്റെ വൃത്തി സംരക്ഷിക്കുന്നതോടൊപ്പം നമ്മുടെ ടൂറിസം സാധ്യതകളെക്കൂടി പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്ന സംരംഭങ്ങളിലൊന്നാണ്. ടൂറിസം വകുപ്പ് ഈ ഒക്ടോബർ മാസത്തിൽ ഗ്രീൻ കാർപ്പറ്റ് എന്നൊരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ടൂറിസം വകുപ്പ് മാത്രമല്ല, ബന്ധിപ്പിക്കാവുന്ന എല്ലാ വിഭാഗം ആളുകളുടെയും സഹകരണത്തോടുകൂടിയാണിത് നടപ്പിലാക്കുന്നത്. കോളേജുകളിലെ എൻ.എസ്.എസ്. പോലുള്ള യൂണിറ്റുകൾ, ശുചിത്വ മിഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം രംഗത്തുള്ള സംരംഭകർ ഉൾപ്പെടെ എല്ലാവരുടെയും സഹകരണത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. എൺപത്തിനാലോളം ടൂറിസം ടെസ്റ്റിനേഷനുകളിൽ ഇതിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട എം.എൽ.എ.മാർ നല്ല സഹകരണം ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ കാഴ്ചവച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രത്തിലെ വൃത്തി, സുരക്ഷിതത്വം, സന്ദർശകർക്കുള്ള സൗകര്യങ്ങൾ വിപുലമാക്കൽ എന്നിവയാണ് ഗ്രീൻ കാർപ്പറ്റ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. അത്തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. മാതൃകാപരമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നൊരു സംരംഭമാണിതെന്ന് ഈ

ഒക്ടോബർ മാസത്തിലെ പ്രാരംഭ പ്രവർത്തനത്തിന്റെ ഭാഗമായിതന്നെ തെളിയിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെതന്നെ ടിക്കറ്റ് വച്ച് പ്രവേശനമുള്ള ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഇപ്പോൾ പ്ലാസ്റ്റിക് നിരോധിച്ചിട്ടുണ്ട്. കൂടുതൽ ഫലപ്രദമായ മാലിന്യ സംസ്കരണത്തിനുവേണ്ടിയുള്ള പദ്ധതികളും ടൂറിസം വകുപ്പ് തന്നെ തനതായി ആവിഷ്കരിക്കുന്നുണ്ട്. അതുപോലെ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുമായി കൂടിച്ചേർന്നും ഇപ്പോൾ പദ്ധതികൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. സി. എഫ്. തോമസ് </u>: സർ, ഈ മേഖലയിൽ സ്വകാര്യ പങ്കാളിത്തം എന്നൊരാശയം അങ്ങ് ആദ്യം പറഞ്ഞു. ഫണ്ടുകളുടെ അഭാവമാണ് എല്ലാ പദ്ധതികൾക്കും പ്രയാസമായി വന്നിരിക്കുന്നത്. വ്യവസായ വകുപ്പിൽ നിക്ഷേപകരെ ആകർഷിക്കാനായി ചെയ്യുന്നതുപോലെ കേരളത്തിലെ സാമ്പത്തിക വികസനത്തിന് ഏറ്റവും സാധ്യതയുള്ള ടൂറിസം മേഖലയ്ക്കുവേണ്ടി നിക്ഷേപകരെ ആകർഷിക്കുന്നതിനായി പ്രത്യേകമായ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് ഈ രംഗം കുറച്ചുകൂടി സജീവമാക്കാൻ ശ്രമിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ടൂറിസം വികസനത്തിനായി ഒരുപാട് സാധ്യതകൾ കേരളത്തിലുണ്ട്. 600 കിലോമീറ്ററുള്ള കടലോര പ്രദേശം, അത്രതന്നെ

ദൈർഘ്യമുള്ള മലയോര പ്രദേശങ്ങൾ, ഏകദേശം രണ്ടായിരത്തോളം സ്ക്വയർ കിലോമീറ്ററിൽ കിടക്കുന്ന കായലുകൾ എന്നിവയൊക്കെ പ്രയോജനപ്പെടുത്താനുള്ള സാഹചര്യം നമുക്കുണ്ട്. പക്ഷേ നമ്മുടെ സാമ്പത്തിക സ്ഥിതിയും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും ഇതിന്റെ വികസനത്തിന്... വികസനം പരിസ്ഥിതി സൗഹൃദം കൂടിയാകണം. അത്തരം കാര്യങ്ങൾ നിർവ്വഹിക്കുന്നതിന് ഫണ്ടിന്റെ അഭാവമുണ്ട്. ആ കാര്യം വച്ചുകൊണ്ടാണ് ഗവൺമെന്റ് ഈ പുതിയ പദ്ധതിയിൽ നിക്ഷേപം... ഭൗതിക പശ്ചാത്തല വികസനത്തിനു വേണ്ടിയുള്ള സൗകര്യങ്ങൾ ഗവൺമെന്റ് തന്നെ ഒരുക്കിക്കൊടുക്കുന്നുണ്ട്. ഈ സൗകര്യങ്ങൾ വരുന്നതോടുകൂടി, പുതിയ ഡെസ്റ്റിനേഷനുകളുടെ വികസനത്തിനു വേണ്ടിയുള്ള പശ്ചാത്തല സൗകര്യം ഒരുങ്ങുന്നതോടെ സ്വകാര്യ നിക്ഷേപങ്ങൾ വൻതോതിൽ കേരളത്തിലേയ്ക്ക് ഉണ്ടാകുമെന്നുതന്നെയാണ് സർക്കാർ കരുതുന്നത്. അതിനാവശ്യമായ സൗകര്യം ഒരുക്കുന്ന നിലപാടുകളാണ് സർക്കാർ ഇപ്പോൾ അടിസ്ഥാന സൗകര്യ വികസനത്തിൽ ഒരുക്കിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. പുരുഷൻ കടലുണ്ടി</u> : സർ, ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ എത്തിച്ചേരാനുള്ള സൗകര്യം എത്രയും വേഗം ഒരുക്കി കൊടുക്കുമെന്ന് അങ്ങിവിടെ പ്രഖ്യാപിക്കുകയുണ്ടായി. ബാലുശ്ശേരി മണ്ഡലത്തിൽ കക്കയവും അതുപോലെ രണ്ട്

ടൂറിസ്റ്റ് കേന്ദ്രങ്ങളെയും സംബന്ധിച്ചുള്ള ഡി.പി.ആർ. എത്തിയിട്ടുമുണ്ട്. അവിടെ പ്രശ്നം, ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് 40 രൂപ ടിക്കറ്റാണ് ഒരാൾക്ക് ഈടാക്കുന്നത്. പാവപ്പെട്ട സ്വദേശികളായ ആളുകൾക്കും അവിടേയ്ക്ക് പോകുന്നതിന് ഒരാൾക്ക് 40 രൂപ ടിക്കറ്റെടുക്കണം. പ്രകൃതിയും ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായുള്ള ബോട്ടിംഗും എല്ലാമുള്ള പ്രകൃതി രമണീയമായ സ്ഥലമാണ് ഇത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 300 കോടി രൂപയാണ് അവിടെ പ്രഖ്യാപിച്ചിട്ടുള്ളത്. അങ്ങനെയുള്ളൊരു പ്രദേശത്ത് ആളുകളെ അകറ്റുന്ന തരത്തിലുള്ള ഇത്തരം പ്രഖ്യാപനങ്ങൾ, പിരിവുകൾ നിർത്തണം എന്നാണ് എന്റെ അഭിപ്രായം.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട മേഖലകളിൽ വനം വകുപ്പുമായിട്ടുള്ള ചില പ്രശ്നങ്ങൾ.... ഇക്കാര്യത്തിൽ വനം വകുപ്പ് നല്ലതുപോലെ സഹകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ആ കാര്യത്തിൽ മുൻകൈ എടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉൾപ്പെടെ സാന്നിദ്ധ്യത്തിൽ ഈ വനമേഖലയിലെ അഡ്വഞ്ചർ ടൂറിസവും ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ചില പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണേണ്ടതുണ്ട്. ഈ സംഖ്യ അധികമാണോ എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ നമുക്കവിടെ ചർച്ച ചെയ്ത് പരിഹാരം കാണാം. ഇതിനേക്കാൾ കൂടുതൽ വാങ്ങിക്കുന്ന

ചില സ്ഥലങ്ങളുണ്ട്. അതുകൊണ്ടാണ് ഞാൻ പറയുന്നത്. എന്നാലും സാധാരണക്കാർക്കുകൂടി എത്തിപ്പെടാൻ കഴിയുന്ന ഫീസ് നിരക്കുകൾ ഉണ്ടാകണം എന്നുള്ള കാര്യത്തിൽ ഗവൺമെന്റിന് തർക്കമില്ല. ആ കാര്യം ഗൗരവപൂർവ്വം പരിശോധിക്കും. കക്കയം, പെരിവണ്ണാമൂഴി പദ്ധതികൾ ഇത്തവണ കിഫ്ബിയുടെ വലിയ നിക്ഷേപം വരുന്ന പദ്ധതികളായി അവിടെ വരാൻ പോവുകയാണ്.

മി. സ്പീക്കർ: വിഷയം ടൂറിസം ആയതുകൊണ്ട് സഭയിലെ ഏതാണ്ട് എല്ലാ അംഗങ്ങളും കൈ ഉയർത്തിയത് ചെയർ കാണാത്തതുകൊണ്ടല്ല. പക്ഷേ ചോദ്യോത്തര സമയം അവസാനിച്ചു.